# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരവാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി-11/1858/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരവാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരവാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരവാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി-11/1858/23 തീയ്യതി: 24/12/2023

# തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-02-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 06-12-2023 | 15-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 15-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റീന.ആർ, ഓഡിറ്റർ
കുമാരി.ദേവിക.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷിബുലാൽ വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എസ് ആർ സന്തോഷ് | സെക്രട്ടറി | 01-04-2022 | 17-04-2022 |
| ശ്രീമതി ബേബി സരോജം.ഡി | സെക്രട്ടറി | 18-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. കൃഷ്ണ കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ഫസീല | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2022 | 04-05-2022 |
| ഡോ.ജിത്തു.എം.എസ് | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 05-05-2022 | 20-05-2022 |
| ഡോ.മനോജ്.എസ് | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 21-05-2022 | 31-03-2023 |
| ഡോ.സന്തോഷ് രാജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.വിഷ്ണു.എസ് രാജ് | ഫിഷറീസ് അസിസ്റ്റന്റ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പുഷ്പകല | ഹെഡ്മിസ്ട്രസ് | 01-04-2022 | 04-09-2022 |
| ശ്രീമതി സുമ | ഹെഡ്മിസ്ട്രസ് | 05-09-2022 | 31-03-2023 |
| ഡോ.ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ ആസിഫ് ഖാൻ.എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ I | 01-04-2022 | 31-03-2023 |
| ശ്രീമതി വിൻസ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 01-04-2022 | 20-05-2022 |
| ശ്രീ. ആസിഫ് ഖാൻ എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 21-05-2022 | 26-05-2022 |
| ശ്രീ. അനിൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 27-05-2022 | 19-07-2022 |
| ശ്രീ. സമീർ ആർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 20-07-2022 | 20-08-2022 |
| ശ്രീ.ഹരിശങ്കർ ജെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 22-08-2022 | 12-09-2022 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 13-09-2022 | 17-10-2022 |
| ശ്രീമതി മിത്ര രവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 18-10-2022 | 31-03-2023 |
| ശ്രീമതി ബിനി ജോസ് | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി നസീമ ബീവി എം | കൃഷി ഓഫീസർ | 30-07-2022 | 15-02-2023 |
| ശ്രീമതി ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 16-02-2023 | 31-03-2023 |
| ശ്രീമതി ബേബി സജനി റൗഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ സന്തോഷ്.എസ്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 10-02-2023 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 11-02-2023 | 16-02-2023 |
| ശ്രീമതി ഷെറീന | അസിസ്റ്റന്റ് സെക്രട്ടറി | 17-02-2023 | 31-03-2023 |
| ശ്രീമതി ജയലക്ഷ്മി ആർ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Excess Of Income Over Expenditure നിർണ്ണയിച്ചതിൽ വ്യക്തതയില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-8 |
| 10 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-9 |
| 11 | Auction Deposit – രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | മറ്റ് അപാകങ്ങൾ | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4-0 |
| 16 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | രേഖകൾ ഹാജരാക്കിയില്ല. | 1-6-1 |
| 19 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് | 1-7 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വരുമാനം - അവലോകനം | 1-11 |
| 25 | വസ്തു നികുതി അപാകതകൾ | 1-12 |
| 26 | തൊഴിൽ നികുതി അപാകങ്ങൾ | 1-13 |
| 27 | സ്ഥാപനത്തിന്റ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും വാടകയ്ക്കു നൽകിയിട്ടില്ല. | 1-14 |
| 28 | ലേലം അപാകങ്ങൾ | 1-15 |
| 29 | FACTEOS ലൈസൻസ് അപാകതകൾ | 1-16 |
| 30 | പന്നി ,പട്ടി ലൈസൻസ്- അപാകങ്ങൾ | 1-17 |
| 31 | പാരാമെഡിക്കൽ രജിസ്ട്രേഷൻ അപാകങ്ങൾ | 1-18 |
| 32 | ക്വാറി / ക്രഷർ യൂണിറ്റ് -സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 33 | തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും 214480/- രൂപ നഷ്ടമായി | 1-20 |
| 34 | ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യത തേടാവുന്നതാണ്. | 1-21 |
| 35 | നീന്തൽകുളം - വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 36 | ഹരിത ഹൃദയം ഫെസ്റ്റ് - വരവ് ചെലവ് കണക്കുകൾ ഭരണസമിതി അംഗീകാരത്തിന് വിധേയമാക്കിയിട്ടില്ല - തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ് | 1-23 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാത്ത തുക തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. | 1-24 |
| 38 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ)- തുക കൈമാറിയത് അപേക്ഷയിലുള്ള അക്കൗണ്ടിലേയ്ക്കല്ല | 1-25 |
| 39 | സാമൂഹ്യ സാക്ഷരതാ പദ്ധതി- സാക്ഷരതാമിഷന് 450/- രൂപ അധികം കൈമാറി | 1-26 |
| 40 | പ്രീ പ്രൈമറി കുട്ടികൾക്ക് ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ- മാർഗരേഖ പാലിച്ചില്ല | 1-27 |
| 41 | ഭരണസമിതി തീരുമാനം - സകർമ രേഖപ്പെടുത്തലിലെ അപാകം | 1-28 |
| 42 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനായി ചുമതലപ്പെടുത്തിയ വ്യക്തിക്ക് തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചു. | 1-29 |

| | | |
|---|---|---|
| 43 | ബയോ ഗ്യാസ് പ്ലാന്റ് - പുന:പ്രവർത്തിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചില്ല | 1-30 |
| 44 | നെല്ലുകുത്ത് കേന്ദ്രം- നിഷ്ക്രിയാസ്തിയായി തുടരുന്നു. | 1-31 |
| 45 | സ്ത്രീ പദവി പഠനം- തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-32 |
| 46 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം- അവലോകനം | 1-33 |
| 47 | കേദാരം സമഗ്ര നെൽകൃഷി പദ്ധതി - അപാകത | 1-34 |
| 48 | വീട് മെയിന്റനൻസ് ജനറൽ പദ്ധതി- പൂർത്തീകരിച്ചില്ല | 1-35 |
| 49 | PMAY വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-645000രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |
| 50 | ലൈഫ് പദ്ധതി -അപാകങ്ങൾ | 1-37 |
| 51 | പാഥേയം പദ്ധതി-അനുവദിക്കേണ്ട തുകയെക്കാൾ അധികം അനുവദിക്കുകയും അനുവദിച്ച തുക വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നു.110656 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-38 |
| 52 | ഗ്രാമപഞ്ചായത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ- ജി എസ് ടി. ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-39 |
| 53 | വിവിധ പദ്ധതികൾക്കായി വിഹിതം കൈമാറൽ-വിനിയോഗ വിവരം ലഭ്യമല്ല-850000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തന്നു | 1-40 |
| 54 | പ്രവൃത്തികൾ പൂർത്തിയായ ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു | 1-41 |
| 55 | പഠനമുറി നിർമ്മാണം- രേഖകൾ ലഭ്യമല്ല-262000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-42 |
| 56 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- രേഖകൾ ലഭ്യമാക്കിയില്ല- 193788/- രൂപ തടസ്സപ്പെടുത്തുന്നു. | 1-43 |
| 57 | കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു | 1-44 |
| 58 | ഡെപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗ വിവരം ലഭ്യമല്ല-26829 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-45 |
| 59 | വിവിധ കുടിവെള്ള പദ്ധതിക്കായി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല. 1446369 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 60 | കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി- രേഖകൾ സൂക്ഷിക്കുന്നില്ല | 1-47 |
| 61 | കുടുംബാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല-157486 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-48 |
| 62 | സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല-530000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-49 |
| 63 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ കുറവ്- ലഭിച്ച റോഡ് ഫണ്ട് ലാപ്സായി | 1-50 |
| 64 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-51 |
| 65 | എം.ബുക്ക്- സ്റ്റോക്ക് രജിസ്റ്റർ -പരിപാലിക്കുന്നില്ല | 1-52 |
| 66 | പട്ടികജാതി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം-രേഖകൾ ലഭ്യമല്ല- 220720 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-53 |
| 67 | ടെണ്ടർ ഫീസിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ വ്യത്യാസം | 1-54 |
| 68 | ആധുനിക അറവുശാല നിർമ്മാണം- ഗ്രാമ പഞ്ചായത്ത് തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയില്ല- ജില്ലാ പഞ്ചായത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പാഴാകുന്നു -തുടർനടപടി അനിവാര്യം | 1-55 |
| 69 | ഡിപിസി അംഗീകാരം, ഫണ്ട് ലഭ്യത എന്നിവയുണ്ടായിട്ടും അംഗീകാരം ലഭിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്താതെ പദ്ധതി ഉപേക്ഷിച്ചു | 1-56 |
| 70 | ഫണ്ട് , ഡി പി സി അംഗീകാരം എന്നിവ ലഭിച്ചിട്ടും ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചു | 1-57 |
| 71 | കട്ടിലുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. | 1-58 |
| 72 | ഭവന പുനരുദ്ധാരണം- രേഖകൾ ഹാജരാക്കിയില്ല-225000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-59 |
| 73 | ഗ്രാമസേവാകേന്ദ്രം പ്രവർത്തനങ്ങളില്ലാതെ കേടുപാടുകൾ വരുത്തിയ നിലയിൽ കാണുന്നു. | 1-60 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **31.07.2023 തീയതിയിലെ 1(1) നമ്പർ** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **01.08.2023** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കരവാരം ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരവാരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയെ്ക്കാപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ്‌വെയറിലെ പോരായ്മയാണ് അപാകത്തിന് കാരണമെന്നും ആയത് ക്രമീകരിക്കുന്ന മുറയ്ക്ക് അപാകം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

"Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും ( 17113210/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും ( 368717211/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകം IKM – ന് റിപ്പോർട്ട് ചെയ്യുന്നതാണെന്നും ആയത് പരിഹരിക്കുന്ന മുറയ്ക്ക് കൃത്യത വരുത്തി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-1-3 Excess Of Income Over Expenditure നിർണ്ണയിച്ചതിൽ വ്യക്തതയില്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 21819291 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 28144433 ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/08.12.2023) സാംഖ്യ സോഫ്റ്റ്‌വെയറിൽ ലഭ്യമായിരുന്ന ബി-1 ഷെഡ്യൂൾ ( ലാന്റ്സ്കേപ്) ILGMS- ൽ ലഭ്യമാകാത്തതിനാലാണ് Excess Of Income Over Expenditure നിർണ്ണയിച്ച് നൽകാൻ കഴിയാതെ വന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിലെ തുക "0" ആണ്. സ്റ്റോക്കിന്റെ വാല്യൂ, എണ്ണം എന്നിവ രേഖപ്പെടുത്തി ഉൾപ്പെടുത്തുന്നതിനുള്ള "Inventories Management System" – ILGMS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടാത്തതാണ് അപാകത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നം. 07/08.12.2023 നുള്ള മറുപടി). ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല

State Bank Of India KALLAMBALAM( 34075477348 )ന്റെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2018 തീയതിയിൽ 727/- രൂപ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു. ടി 2017-18 സാമ്പത്തിക വർഷം ഐ.കെ.എം ബാങ്ക് അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളതും, ഐ.കെ.എം പഞ്ചായത്തിന് നൽകാത്തതുമാണ്. വിവരം ഐ.കെ.എമ്മിനെ അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 7/08.12.2023 ന്റെ മറുപടി)

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201265/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201286/31.03.2023 |
| 110200101 | Profession Tax - Institutions | 42201312 /31.03.2023 |

വരും വർഷങ്ങളിൽ പ്രതിമാസ ഡിമാന്റ് തയ്യാറാക്കി ജേണൽ വൗച്ചർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-7 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. കണ്ടിജന്റ് ചെലവുകൾ മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കാത്തത് കൊണ്ടും , ജനപ്രതിനിധികളുടെ ഹോണറേറിയവും മറ്റും, സ്ഥാപന സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയാൽ അപാകങ്ങൾ ഉണ്ടാകുമെന്നതിനാലും B-9 ഷെഡ്യൂളിൽ ഉൾപ്പെടാതെ വന്നിട്ടുണ്ടെന്നും, വരും വർഷങ്ങളിൽ ആയത് പരിഹരിച്ച് കൃത്യത വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണം നം. 7/08.12.2023 ന്റെ മറുപടി)

## 1-1-8 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകകൾക്ക് തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ഉദാ:- 1. പ്രോജക്ട് നം . 243/23 – കുടുംബാരോഗ്യ കേന്ദ്രം ഓഫീസ് ആവശ്യങ്ങൾക്കായി കമ്പ്യൂട്ടർ വാങ്ങൽ, ചെലവ് –49981/- രൂപ

2. പ്രോജക്ട് നം. 247/23 – അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ, ചെലവ് -99855/- രൂപ

## 1-1-9 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

ശ്രീമതി താനിയ നസിറുദ്ദീൻ, റുബിയ മൻസിൽ റുബിയ സാമില്ലിന്റെ മുൻവർഷത്തെ കുടിശ്ശിക ലൈസൻസ് ഫീസ് അടവാക്കിയ 4300/- രൂപ ഹെഡ് കോഡ് 431300102 ( Receivables For License For Factories, Traders, Enterpreneuors And Other Services – Arrears ) എന്ന ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം രസീത് നമ്പർ 1220101846 തീയതി 05.07.2022 പ്രകാരം 140200107 | Penalties And Fines - Licence (Delayed Application For Licence) എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശികയായി തുക ഈടാക്കുമ്പോൾ ടി കാലയളവിലെ ലൈസൻസ് അനുവദിക്കാൻ കഴിയാത്തതു കൊണ്ടാണ് തുക ലൈസൻസ് എടുക്കുന്നതിനുള്ള പിഴ എന്ന രീതിയിൽ വരവിലെടുത്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. അപ്രകാരമാണെങ്കിലും തുക ജേണൽ വൗച്ചർ മുഖേന Receivables For License For Factories, Traders, Enterpreneuors And Other Services – Arrears (ഹെഡ് കോഡ് -431300102 ) എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതായിരുന്നു. തുടർവർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-10 Auction Deposit – രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

Auction Deposit ഇനത്തിലെ Deposit Register പ്രകാരമുള്ള നീക്കിയിരിപ്പ് 28200/- രൂപയും വാർഷിക ധനകാര്യ പത്രിക B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 28300/- രൂപയുമാണ്. അപാകം ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-11 മറ്റ് അപാകങ്ങൾ

എ) അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അഡ്വാൻസ് ഇനങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2022-23 B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 900 |
| 460500206 | Advance To Implementing Agencies – Deposit With Anert | 495000 |
| 460500501 | Advance To Implementing Officers | 215041 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണം നം. 13/08.12.2023 – ന്റെ മറുപടി)

ബി) ബാധ്യതാ ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല

2022-23 ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ ഹെഡ് കോഡ് 320200102 – Development Fund – Special Component Plan – ഇനത്തിൽ 1112722/- രൂപ , ഹെഡ് കോഡ് 320200105 – Development Fund – Central Finance Commission Grant – Performance Grant ഇനത്തിൽ 8282156/- രൂപ നീക്കിയിരിപ്പ് ഉണ്ട്. മുൻവർഷവും ടി തുകകൾ ബാധ്യതയായി നിലനിർത്തിയിരുന്നു. ടി തുക നീക്കിയിരിപ്പായി നിലനിർനിർത്തിയതിന്റെ കാരണവും ആയത് ക്രമീകരിക്കാത്തത് സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 13/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 15.03.2023 |
| ഭരണസമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | 20870417 | 20859171 |
| പ്രതീക്ഷിത വരവ് | 506815158 | 566112609 |
| ആകെ | 527685575 | 586971780 |
| പ്രതീക്ഷിത ചെലവ് | 505625058 | 570995969 |
| നീക്കിയിരിപ്പ് | 22060517 | 15975811 |

ബജറ്റ് രൂപീകരണം - നടപടിക്രമങ്ങളിലെ അപാകങ്ങൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രാകരമുള്ള നടപടിക്രമങ്ങൾ ബജറ്റ് രൂപീകരണത്തിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21803951 |
| ഓഡിറ്റ് വർഷത്തെ വരവ് | 98801057 |
| ആകെ | 120605008 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81687847 |
| നീക്കിയിരിപ്പ് | 38917161 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 206433200/- രൂപയും ചെലവ് 200248367/- രൂപയുമാണ് .

## 1-4-0 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18088410 | 18088410 | 19194168 | -1105758 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11835355 | 11835355 | 10985807 | 849548 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 8462166 | 8462166 | 3518554 | 4943612 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4265979 | 4265979 | 4101103 | 164876 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 23265000 | 23265000 | 18411220 | 4853780 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8408000 | 8408000 | 5042589 | 3365411 |
| CSS | 0 | 0 | 0 | 754127 | -754127 |
| Sss | 0 | 0 | 0 | 5539515 | -5539515 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 19194168 |
| | ACR + Source Deduction ( 3145110) | 21233520 |
| | Accounts (I-6+ Corresponding Capital Contribution) | 19194168 |
| Development Fund (SCP) | Grant Statement | 10985807 |
| | ACR + Source Deduction ( 1658645) | 11172807 |
| | Accounts (I-6+ Corresponding Capital Contribution) | 10985807 |
| Maintanance Grant (Road) | Grant Statement | 18411220 |
| | ACR | 18902639 |
| | Accounts (I-6+ Corresponding Capital Contribution) | 18411220 |

2023 മാർച്ച് 31- ന് വെബ് സാംഖ്യയിൽ വിവിധ പദ്ധതികൾക്ക് റിക്വിസിഷൻ രേഖപ്പെടുത്തിയതും എന്നാൽ തുകകൾ മാറാതെ ക്യൂ ബിൽ ആയതുമാണ് വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഫണ്ടുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവുകൾ , ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

2) സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 13494000/- രൂപയിൽ 10985807/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ( ചെലവ് - 81.4%). ലഭ്യമാകുന്ന പട്ടിക ജാതി ഉപപദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കത്തക്ക തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

3) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്. സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം പ്രസ്തുത ഇനങ്ങളിൽ വരവും, ചെലവും, നീക്കിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്.

4) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| **മേഖല** | **വിഭാഗം** | **അടങ്കൽ ( മറ്റുള്ളവ ഒഴികെ)** | **ചെലവ് ( മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 13178500 | 5993627 | 45.4 |
| | പട്ടിക ജാതി | 609000 | 486000 | 79.8 |
| **സേവനം** | പൊതുവിഭാഗം | 50506976 | 28991284 | 57.4 |
| | പട്ടിക ജാതി | 35364972 | 15732813 | 44.5 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 35484662 | 22238680 | 62.7 |
| | പട്ടിക ജാതി | 3458273 | 1616109 | 46.7 |

വിവിധ മേഖലകൾക്ക് വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള

പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക ( മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4739188 | 3021443 | 63.8 |
| വൃദ്ധർ | 2243030 | 1781135 | 79.4 |
| ഭിന്നശേഷിയുള്ളവർ | 1641732 | 1333160 | 81.2 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 1576968 | 794607 | 50.4 |

വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 225250 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 143773 |

മേൽ തുകകൾ നിയമാനുസൃതം ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**7)** പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം | 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം | | |
| 320900299 | 320100105 | Awards And Honours – Central Government | 200000 |
| 320100126 | 320100153 | Panchayat Yuva Krida And Khel Abhiyan | 15650 * |
| 320200301 | 320200301 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds - Crematorium | 12000 |
| 320500101 | 320500101 | Grants, Funds & Contributions For Specific Purposes – Welfare Bodies - Capital | 25000 |
| 320700404 | 320700404 | Contributions For Other Specific Purposes ( For Revenue Expenditure ) - From Block Panchayaths | 1064282 |

* പലിശ ഇനത്തിൽ വരവ് ലഭിച്ചു.

മേൽ തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

8) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത335922/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. മേൽ തുകയിൽ 317992/- രൂപ 2017-18 വർഷത്തിൽ ചെലവഴിച്ചിരുന്നതായും ആയത് ലെഡ്ജറിൽ നിന്ന് കുറവ് ചെയ്തിട്ടില്ലായിരുന്നുവെന്നും , ടി തുക 2021-22 വർഷത്തെ ഓഡിറ്റ് പരാമർശത്തെ തുടർന്ന് 2023-24 സാമ്പത്തിക വർഷം ജേണൽ രേഖപ്പെടുത്തി കുറവ് ചെയ്തതായി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം തൻവർഷം ചെലവഴിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9) RP-30 ഷെഡ്യൂൾ പ്രകാരം 2022-23 വർഷം വരവ് വന്ന 5000000/- രൂപ (ഹെഡ് കോഡ് -320100148, National Rural Drinking Water Programme) ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി റോഡ് മുറിച്ച ഇനത്തിൽ ലഭ്യമായ തുകയാണെന്നും 2023 – 24 സാമ്പത്തിക വർഷം ടി തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

10) 2021- 22 സാമ്പത്തിക വർഷം അർബൻ അഗ്ലോമറേഷൻ ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച 1170000/- രൂപയിൽ 90346/-രൂപ മാത്രമാണ് ( പ്രോജക്ട് നം. 244/23 – കരവാരം പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി നിർമ്മാണം) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുക തൻവർഷം വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

11) 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2022-23 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | കോഡ് | ഇനം | 2022-23 ധനകാര്യപത്രിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 132400 |
| 2 | 350800199 | Other Creditors | 250000 |

Recoveries Payable-Covid- ഇനത്തിലെ 132400/- രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടണമെന്ന് സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാലാണ് ടി തുക നിലനിർത്തിയിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. Other Creditors – ഇനത്തിലെ 250000/- രൂപ CSR ഫണ്ടിലെ നീക്കിയിരിപ്പാണെന്നും, ടി തുക 2023 -24 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കായി ലഭ്യമായ മേൽ തുക പൂർണ്ണമായും ചെലവഴിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15/11.12.2023 – ന്റെ മറുപടി)

## 1-5 പദ്ധതി അവലോകനം

### ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 21448000 | 19194168 | 2253832 |
| വികസനഫണ്ട് എസ്.സി.പി | 13494000 | 10985807 | 2508193 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8408000 | 5042589 | 3365411 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23265000 | 18411220 | 4853780 |
| **ആകെ** | **66615000** | **53633784** | **12981216** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




(2)



2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ഏറ്റെടുത്ത ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 1 | 4350441 | 2727685 | 62.7 |
| വെറ്ററിനറി സർജൻ | 13 | 12 | 1 | 4177100 | 2998842 | 71.79 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13 | 12 | 1 | 4291322 | 3811916 | 88.83 |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | 4 | 4 | 0 | 1085000 | 1085000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 0 | 175960 | 170880 | 97.11 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | 14 | 14 | 0 | 40169361 | 15454704 | 38.47 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 14 | 1 | 7702603 | 5173527 | 67.17 |
| സെക്രട്ടറി | 53 | 40 | 13 | 17290705 | 12680527 | 73.34 |
| എച്ച്.എം | 7 | 6 | 1 | 1264456 | 787638 | 62.29 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 | 8 | 6 | 2 | 1495583 | 612845 | 40.98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 52 | 30 | 48676917 | 25964750 | 53.34 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 2561723 | 585988 | 22.87 |
| അസിസ്ററന്റ് സെക്രട്ടറി | 24 | 22 | 2 | 5361212 | 3013865 | 56.22 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 247 | 195 | 52 | 138602383 | 75068167 | 54.16 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 25716623 | 19194168 | 74.64 |
| എസ്.സി.പി. | 15752645 | 10985807 | 69.74 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14884397 | 7619657 | 51.19 |
| പ്രത്യേക ഗ്രാന്റ് | 50000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3364000 | 754127 | 22.42 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 20259404 | 5539515 | 27.34 |
| തനത് ഫണ്ട് | 4552361 | 2906030 | 63.84 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7269991 | 2027629 | 27.89 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9174625 | 2428188 | 26.47 |
| മെയിന്റനൻസ് റോഡ് | 28052448 | 18411220 | 65.63 |

| | | | |
|---|---|---|---|
| മെയിന്റനൻസ് റോഡിതരം | 9074892 | 5042589 | 55.56 |
| മറ്റുള്ളവ | 66533164 | 10990116 | 16.52 |

**3)ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, 3.1.1ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനിട്ട് പരിശോധിച്ചതിൽ 2022-23 വർഷത്തെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾക്കായി 19-5-22നു മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ആയത് പ്രകാരം കൃഷി, ലൈഫ് ,കുടിവെള്ളം, ശുചിത്വം പശ്ചാത്തല വികസനം എന്നിവക്ക് മുൻഗണന നൽകി പ്രോജക്റ്റ് രൂപീകരിക്കാൻ തീരുമാനിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 ബി1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്

4)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 3.1.2 എ പ്രകാരം 13 വർക്കിംഗ് ഗ്രൂപ്പുകൾ നിലവിലുണ്ട്. ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ). ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ബി) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആയതിന്റെ നടപടിക്രമങ്ങൾ / വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. താഴെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ 22-23 വർഷത്തിൽ ഒരു തവണ മാത്രമെ യോഗം ചേർന്നു കാണുന്നുള്ളു.ഉദാ- ആരോഗ്യം വർക്കിംഗ് 19-5-22.നു മാത്രം യോഗം ചേർന്നു. 13-12-22 തിയ്യതിയിൽ 4 പേർ പേരെഴുതി ഒപ്പിട്ടിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, പൊതു ഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് 19-5-22 നു മാത്രമാണ് തൻ വർഷം യോഗം ചേർന്നിട്ടുള്ളത് ,കുടിവെള്ളം ശുചിത്വം തിയ്യതി വർക്കിംഗ് രേഖപ്പെടുത്താതെ 4 പേർ പങ്കെടുത്തതായും തീരുമാനങ്ങളും രേഖപ്പടുത്തിയിരിക്കുന്നു ,മൃഗ സംരക്ഷണം ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പ് 19-5-22 തിയ്യതിയിൽ മാത്രമെ യോഗം ചേർന്നിട്ടുള്ളു.

5) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | മറുപടി |
|---|---|---|---|---|
| 1 | പൊതു ഭരണവും ധനകാര്യവും | 19-5-22 | ആധുനിക അറവു ശാലയുടെ പണിപൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക | നടപടി സ്വീകരിച്ചിട്ടില്ല |
| | | 19-5-22 | ഞാറക്കാട്ടു വിള ലക്ഷം വീട് കോളനിയിലെ പഞ്ചായത്തു വക സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക | നടപടി സ്വീകരിച്ചിട്ടില്ല |
| 2 | വനിതാ വികസനം | 19-5-22 | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം | നടപടി സ്വീകരിച്ചു വരുന്നു. |
| 3 | കൃഷി | 19-5-22 | തരിശു സ്ഥലങ്ങൾ കൃഷി ചെയ്യുക | MGNREGS – ൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു |

6) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഗ്രാമസഭ മിനിട്ട് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചതായി അറിയിച്ചിട്ടുണ്ട്.

7) സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കനുസൃതമായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു,

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| I | കുടിവെള്ളം | അതീവ ഗുരുതരം | കുടിവെള്ള പദ്ധതികൾ മുടങ്ങികിടക്കുന്നു. | ജലജീവൻ മിഷൻ വഴി കുടിവെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |

| | | | | |
|---|---|---|---|---|
| Ii | കുടിവെള്ളം | അതീവഗുരുതരം | അശാസ്ത്രീയമായ മാലിന്യ സംസ്കരണം | എം.സി.എഫും, മിനി എം.സി.എഫും നിർമ്മിച്ചു. |

8. മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയിട്ടില്ലായെന്നും വരും വർഷങ്ങളിൽ ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

9. മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയതായി അറിയിച്ചിട്ടുണ്ട്

10. മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം കമ്പോസ്റ്റ് പിറ്റ് നിർമ്മാണം എം.ജി.എൻ.ആർ.ഇ.ജി. എസുമായി ചേർന്ന് വാർഡ് 8 മുതൽ 15 വരെ നടപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്.

11. മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ആരാഞ്ഞതിന് കുടംബശ്രീ പരിപാടികളുമായി സംയോജിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

12. മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

13. സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കല്ലമ്പലം ഫെഡറൽ ബാങ്ക് വഴി LANDSCAPING ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

14. മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ടതിന് ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

( അവലംബം- ഓഡിറ്റ് അന്വേഷണക്കുറിപ്പ് 16/11.12.2023 ന്റെ മറുപടി)

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-6-1 രേഖകൾ ഹാജരാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കുവാൻ സ്വീകരിച്ച നടപടികൾ, 2022 April മുതൽ ഡിസംബർ വരെയുള്ള ഡെത്ത് രജിസ്ട്രേഷൻ സംബന്ധിച്ച ആധാർ ഉൾപ്പെടെയുള്ള രേഖകൾ ഇവ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്( ഓഡിറ്റ് എൻക്വയറി നം 70/ 2022-23 ,15.12.2023) രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. രേഖകളുടെ അഭാവത്തിൽ മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദ് ചെയ്യുന്നുണ്ടോ, മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ മരണം യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടോ ഇവ പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-6 ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 3739500 | 302 |
| വിധവാപെൻഷൻ | 17261600 | 1364 |
| വാർദ്ധക്യകാല പെൻഷൻ | 31959100 | 2852 |
| വികലാംഗ പെൻഷൻ | 4934100 | 401 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 274600 | 22 |

| | | |
|---|---|---|
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2023 തീയതിയിൽ 1.30pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42614/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1.മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു
2.ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
3.റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല.
4.സ്ഥാപന തൊഴിൽ നികുതി ജീവനക്കാരുടെ തൊഴിൽ നികുതി അടക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
5.ലേല വരവുമായി ബന്ധപ്പെട്ട് ഗണ്യമായ കുറവുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
6.തനതു വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ പഞ്ചായത്തിന് അർഹമായ വികസന ഫണ്ടിൽ നിന്നും കുറവു വന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.
7.ഹരിത ഫെസ്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകം നിമിത്തം പഞ്ചായത്തിന് ലഭിക്കേണ്ടുന്ന ഷോ ടാക്സ് ഇനത്തിൽ കുറവു വന്നതായി കാണുന്നു.
8. ആധുനിക അറവുശാലയുടെ തുടർ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പണം പാഴാവാതെ ശ്രദ്ധിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.
9.ബയോ ഗ്യാസ് പ്ളാന്റ്, നെല്ലു കുത്ത് കേന്ദ്രം എന്നിവ പുന:പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
10.പാഥേയം പദ്ധതിക്ക് ആവശ്യപ്പെട്ടതിനേക്കാൾ തുക ജില്ലാ പഞ്ചായത്തിന് നൽകിയതായി കാണുന്നു.
11. മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ കുറവുമൂലം ഫണ്ട് ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ട്.
12. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
13. രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.
14.ഫണ്ട് ലഭ്യത, ഡി പി സി അംഗീകാരം എന്നിവ ഉണ്ടായിട്ടും കൃത്യമായ തുടർ നടപടികളുടെ അഭാവത്തിൽ പദ്ധതികൾ ഉപേക്ഷിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2119 | 1109306 | 1111425 | 1107266 * | 4159 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 55977487 | 55977487 | 55977487 | 0 |
| ആകെ | 2119 | 57086793 | 57088912 | 57084753 | 4159 |

*ഭരണ ചെലവ് = 1107248 ( I-14 F) + 18 ( Prior Period Expense)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.12.2021 മുതൽ 07.12.2021 വരെ | 01.01.2021 മുതൽ 31.07.2021 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.07.2017 മുതൽ 02.08.2017 വരെ | 2012-13 മുതൽ 2016-17 വരെ | 15.09.2017 |

## 1-11 തനത് വരുമാനം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്( ഓഡിറ്റ് എൻക്വയറി 1/2022-23 , 06.12.2023 ) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

**A തനത് വരുമാനം.**

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ ഒന്നും കണ്ടെത്തിയില്ലായെന്നും തനത് വരുമാനങ്ങൾ പിരിച്ചെടുക്കുവാൻ നടപടികൾസ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കൂടിശ്ശികയായി അറിയിച്ചിരിക്കുന്നത് വസ്തു നികുതി ഇനത്തിലെ 559259/-രൂപയാണ്.

2) 1-4-2023-ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

3) നികുതി, നികുതിയേതര വരുവുകളുടെ ഡിമാൻഡ് ,പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി വിലയിരുത്തിയതായി അറിയിച്ചിട്ടുണ്ട്

**B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ)**

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് , ILGMS വരവ്, സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെന്നും 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ

പ്രാബല്യത്തിന് ആകുന്നതിന് മുമ്പ് 4458257 രൂപയാണെന്നും പരിഷ്ക്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക 4561794 രൂപ ആണെന്നും അറിയിച്ചിട്ടുണ്ട്.സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 19.05.2023 ലെ 2(1) നം തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തതായും തദ്ദേശസ്ഥാപനം മേഖലാ വിഭജനം നടത്തി 19.05.2023 ലെ 2(1) നം തീരുമാന പ്രകാരം വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. റോഡ് മാപ്പ് പ്രസിദ്ധീകരിച്ചതു സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

അനുമതി ഇല്ലാതെയും അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഡേറ്റാ വെരിഫിക്കേഷൻ നടന്നു വരുന്നുവെന്നും എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടെന്നും അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശികയുണ്ടെന്നും പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് നികുതി കുടിശ്ശികയില്ലായെന്നും നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലെന്നും തദ്ദേശസ്ഥാപന പരിധിയിൽ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാണെന്നും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവന-ഉപനികുതി ഈടാക്കുന്നില്ലെന്നും ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തുന്നുണ്ടെന്നും എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടെന്നും തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**C. സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതി ഒഴിവാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനനികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**D. തൊഴിൽ നികുതി**

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ ,മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,(സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ലഭ്യമായ രജിസ്റ്റർ പരിശോധിച്ചതിൽ ഇല്ലായെന്നും സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, കരാറുകർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ഉണ്ടെന്നും നിയമാനുസൃത നികുതി ഈടാക്കി വരുന്നെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്നും വാർഡ് തല ട്രയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**E. വിനോദ നികുതി**

തദ്ദേശ സ്ഥാപന പരിധിയിൽ സിനിമാ തീയറ്ററുകൾ പ്രവർത്തിക്കുന്നില്ലായെന്നും അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കേർട്ട്,ഇൻഡോർ ക്ലബ് /സ്റ്റേഡിയം,നീന്തൽകുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റി,ഭരണസമിതി ശുപാർശ ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

**F. നികുതിയേതര വരവുകൾ**

ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും കുളങ്ങൾ,മാർക്കറ്റുകൾ,ഫലവൃക്ഷങ്ങൾ എന്നിവ ലേലം ചെയ്ത് നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് സ്ഥാപനം ( ഓഡിറ്റ് എൻക്വയറി നം 54/ 2022-23, തീയതി 14.12.2023) മറുപടി ലഭ്യമാക്കിയില്ല.

**1)മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക**

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും സാമ്പത്തിക വർഷം വസ്തു നികുതി ഈടാക്കിയില്ല. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, ഉൾപ്പെടെയുള്ള കുടിശ്ശിക തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട നം | വിസ്തീർണം | തരം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 17/251 ഭാരതി ഇൻഫ്രാ ടെൽ ലിമിറ്റഡ് | 24 | മൊബൈൽ ടെലഫോൺ ടവർ | 15120 | 30240(2021 Ist Half-2022 IInd Half) |
| 2 | 18/312 ,ഇന്ത്യ ടെലികോം ഇൻഫ്രോ ലിമിറ്റഡ്,കൊച്ചി | 12 | “ | 1361(2010 Ist-2012 IINd) 2835(2013 Ist-2022IInd) | 64866 (2010 Ist Half-2022 IInd Half) |

മേൽ പട്ടിക പ്രകാരമുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2)ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ വസ്തു നികുതി കുടിശ്ശിക**

ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, ഉൾപ്പെടെയുള്ള കുടിശ്ശിക തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട നം | വിസ്തീർണം | തരം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 6/23 കരവാരം ഗ്രാമപഞ്ചായത്ത് സഹകരണ സംഘം | 12.5 | ഓഫീസ് ആവശ്യത്തിനുള്ളവ | 277 | 554 (2021 Ist Half മുതൽ 2022 IInd) |
| 2 | 10/734 ആലംകോട് വില്ലേജ് ഓഫീസ് | 60 | “ | 1134 | 1134(2022 Ist Half മുതൽ 2022 IInd) |

മേൽ പട്ടിക പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3)60 ച.മീ.ൽ താഴെ വിസിതീർണ്ണമുള്ള ഒരു വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്**

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസിതീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗ്രഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | സിന്ധു, ശരത്ത്നിവാസ്,കല്ലമ്പലം,കല്ലമ്പലം പി ഒ | 1/238 A, 1/238 B |
| 2 | രാഘവൻ നാടാർ, പാറയംവിളാകത്ത് പുത്തൻവീട്,കല്ലമ്പലം | 1/287. 1/288 |
| 3 | വാസവൻ, കൊച്ചുവിളാകം,പുല്ലൂർമുക്ക്,കല്ലമ്പലം | 1/405, 1/406 |
| 4 | ശകുന്തള, കല്ലുവിളവീട്,പുല്ലൂർമുക്ക്,കല്ലമ്പലം | 1/557, 1/558 |
| 5 | ഗിരിജ, കാവുവിള പുത്തൻ വീട്,പാവല്ല | 1/609, 1/610 A |

ഇപ്രകാരം ഇളവനുദിക്കാനുണ്ടായ സാഹചര്യം വിശദമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**4)വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ്**

A)സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ സൂക്ഷിക്കേണ്ട രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**5)പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ്**

A)കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**6)ഒറ്റത്തവണ കെട്ടിട നികുതി രേഖകൾ ഹാജരാക്കിയില്ല**

ഒറ്റത്തവണ കെട്ടിട നികുതി സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയകെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോടു കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിട നികുതിനിയമത്തിലെ വകപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ

അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | ഫയൽ നം | കെട്ടിട നം/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യ തീയതി | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A2-4322/20 | XVII/246A | മുഹമ്മദ്ഇബ്രാഹിം | 2023 ഒന്നാം അർദ്ധവർഷം | വാണിജ്യാവശ്യം | 181.35 $M^2$ |
| 2 | A2-3734 | XVII/246 B | മുഹമ്മദ്ഇബ്രാഹിം | 2023 ഒന്നാം അർദ്ധവർഷം | വാണിജ്യാവശ്യം | 182.96 $M^2$ |

മേൽ പരാമർശിത കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ നികുതി ഈടാക്കി സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**7) അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക**

ചുവടെ ചേർത്തിരിക്കുന്ന അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, ഉൾപ്പെടെയുള്ള കുടിശ്ശിക തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നം | വിസ്തീർണം | തരം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 7/1/UA | 40 | പാർപ്പിടാവശ്യം | 504 | 1008(2021 Ist-2022IInd) |
| 2 | 7/8/UA ഇന്ദ്രസേനൻ | 49 | " | 495 | 1485(2020 Ist-2022 IInd) |
| 3 | 11/3/UA സുധർമ്മണി | 42 | " | 530 | 1060(2021 Ist-2022IInd) |
| 4 | 13/22/UA ഗീതു | 40.18 | " | 407 | 814(2021 Ist-2022IInd) |

മേൽ പട്ടിക പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**8) വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചിരിക്കുന്നു**

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട ഐ.ഡി | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (M2) | ഈടാക്കുന്ന അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|
| 1 | 50234010014781 | 8/46/A | Akash .A. Kumar | 138.91 | 4167.3 | 6945.5 |
| 2 | 50234010013222 | 8/294/A | Ratheesan | 148 | 4440 | 7400 |
| 3 | 50234010013386 | 8/382/A | Nazar | 115 | 3450 | 5750 |
| 4 | 50234010013966 | 16/148/A | Sabithabeevi | 128 | 3840 | 6400 |
| 5 | 50234010013557 | 17/424/A | Thahira Beegum | 107 | 3210 | 5350 |

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**9) പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണവും സഞ്ചയയിലെ വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല**

ചുവടെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണവും സഞ്ചയയിലെ വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല . ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | A2/6158/21 |
| കെട്ടിട ഉടമ | മുഹമ്മദ് ഇബ്രാഹിം |
| കെട്ടിട നമ്പർ | 17/246/B |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| വിസ്തീർണം (പ്ലാൻ പ്രകാരം) | ഒന്നാം നില – 166.55 $M^2$<br>സ്റ്റെയർകേസ് - 19.86 $M^2$<br>ആകെ - 186.41 $M^2$ |

സഞ്ചയ പ്രകാരമുള്ള മേൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 182.96 $M^2$ (ഒന്നാം നില – 163.1 $M^2$, രണ്ടാം നില – 19.86 $M^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്

## 1-13 തൊഴിൽ നികുതി അപാകങ്ങൾ

2022-23സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 37 /2022-23, തീയതി 13.12.2023) മറുപടി ലഭ്യമാക്കിയില്ല.

**1. റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല**

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളുടെ എണ്ണം എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2. വ്യാപാരികളുടെ തൊഴിൽ നികുതി ഒടുക്കിയില്ല**

സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള വ്യാപാരികളുടെ തൊഴിൽ നികുതി/ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനം ട്രേഡ്സ് തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖപ്പെടുത്തൽ ഇല്ല. നികുതി ഒടുക്കിയിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | ടി.സി.നം/ ഉടമ | അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|
| 1 | III/307,308 സലാം ട്രേഡിങ് കമ്പനി മടന്തപച്ച, പി.സി മുക്ക് | I&II | Full Year ൽ തൊഴിൽ നികുതി ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത് 300 രൂപയാണ് (1220100953 Dtd 17.05.2022). Full Year ലേക്ക് അത്തരം ഒരു നികുതി സ്ലാബ് ഇല്ല. യതാർത്ഥ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് |

വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3. ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം , ഗ്രാമപ്പഞ്ചായത്തിൽ 2022-23 വർഷം കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

പ്രൊഫഷണലുകൾ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**4. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | I St Half |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് | II Nd Half |
| 3 | യൂണിയൻ ബാങ്ക് കല്ലമ്പലം | I St & II Nd Half |
| 4 | എം എം ജെ സി പബ്ലിക് സ്കൂൾ | I St & II Nd Half |
| 5 | റിലയൻസ് റീട്ടെയിൽ ലിമിറ്റഡ് | I St Half |

| | | |
|---|---|---|
| 6 | മുത്തൂറ്റ് ഫിൻ കോർപ്പ് | I St Half |
| 7 | APCOS Vanchiyoor | I St & II Nd Half |
| 8 | സമസ്ത മൈക്രോ ഫിനാൻസ് ലിമിറ്റഡ് | I St & II Nd Half |
| 9 | മിനി മുത്തൂറ്റ് കല്ലമ്പലം | I St Half |
| 10 | KTCT, EMRHSS Kallambalam | I St & II Nd Half |
| 11 | KTCT B.Ed Center | I St Half |
| 12 | KTCT College Of Advanced Studies, Kallambalam | I St Half |
| 13 | KTCT College Of Arts&Science | I St & II Nd Half |
| 14 | AUROBINDO Public School | I St & II Nd Half |

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

5. **സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി, വഞ്ചിയൂർ | I St & II Nd Half |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് | II Nd Half |
| 3 | പി.എൻ ഡന്റൽ ക്ലിനിക് | II Nd Half |
| 4 | ആദംസ് ഡന്റൽ ക്ലിനിക് | I St & II Nd Half |
| 5 | മുത്തൂറ്റ് ഫിൻ കോർപ്പ് | I St Half |
| 6 | രാജകുമാരി അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | I St Half |
| 7 | ബഡ് സ്കൂൾ | I St & II Nd Half |
| 8 | AUROBINDO Public School | I St & II Nd Half |
| 9 | Diya Clinical Laboratory | I St & II Nd Half |
| 10 | Thanal Community Dialysis Centre | I St & II Nd Half |
| 11 | Dr Niyas Multi Speciality Dental Clinic | I St & II Nd Half |
| 12 | Geevanam Ayurvedics | I St & II Nd Half |
| 13 | Mind Revival | I St & II Nd Half |
| 14 | Dr Lekshmi Ayurvedic Clinic | I St & II Nd Half |
| 15 | Janarddans Diagnostic Laboratory, Kallambalam | I St & II Nd Half |
| 16 | Sree Nandanam Ayurveda Hospital | I St & II Nd Half |

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

6. **അക്ഷയ സെന്ററുകളിൽ നിന്നം തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിനായ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**7.ക്വാറി / ക്രഷർ യൂണിറ്റുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

ചുവടെ പറയുന്ന ക്വാറി / ക്രഷർ യൂണിറ്റുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിനായ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

| ക്രമ നം | ഉടമ | ക്വാറി / ക്രഷർ യൂണിറ്റ് | അർദ്ധവർഷം |
|---|---|---|---|
| 1 | VI/710 A | കെ.വി.ബ്ലൂ മെറ്റൽസ് , ക്രഷർ യൂണിറ്റ് | II Nd Half |

| | | | |
|---|---|---|---|
| | ആർ ജെ കരുണാനിധി | | |
| 2 | VI/Sy No 147/8<br>ആർ ജെ കരുണാനിധി | കെ.വി.ബ്ലൂ മെറ്റൽസ് ക്വാറി | I St & II Nd Half |
| 3 | VI/695A Sy No 155/2<br>എം അജന്ത | ശിവമുരുകൻ ഗ്രാനൈറ്റ്സ്<br>ഗ്രാനൈറ്റ് ക്വാറി | I St & II Nd Half |
| 4 | VI/695A<br>എം അജന്ത | ശിവമുരുകൻ ഗ്രാനൈറ്റ്സ്<br>Granite Mining & Sale | I St & II Nd Half |
| 5 | VI/705<br>വി ശശീന്ദ്രൻ | അഞ്ജലീ ഇൻഡസ്ട്രീസ്<br>മെറ്റൽ ക്രഷർ | I St & II Nd Half |
| 6 | VI 154/1A<br>വി ശശീന്ദ്രൻ | അഞ്ജലീ ഇൻഡസ്ട്രീസ്<br>ക്വാറി | I St & II Nd Half |
| 7 | VI/625,646,701<br>ജി പ്രസാദ് | നാന്ദി അഗ്രിഗേറ്റ്സ് ക്രഷർ | I St & II Nd Half |
| 8 | എം എസ് ശ്രീകുമാർ | എം എസ് ബിൽഡിങ് പ്രോഡക്ട്സ് ക്വാറി | I St & II Nd Half |
| 9 | VI/744,745,<br>V. Ajayakumar | SN Granites , Nellikkunnu. | I St & II Nd Half |

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**8. നീന്തൽ പരിശീലകനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്തിലെ നീന്തൽക്കുളത്തിൽ നീന്തൽ പരിശീലനം നൽകുന്ന ശ്രീ സജീവ്. എ.പി ൽ നിന്നും 2 ാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**9.കശുവണ്ടി ഫാക്ടറിയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പങ്കജ് എക്സ്പോർട്ട്സ് എന്ന ശ്രീ മനോജ് പി യുടെ ഉടമസ്ഥതയിലുള്ള കശുവണ്ടി ഫാക്ടറിയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 സ്ഥാപനത്തിന്റ ഉടമസ്ഥതയിലുളള എല്ലാ കടമുറികളും വാടകയ്ക്കു നൽകിയിട്ടില്ല.

കരവാരം ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും 2022-23 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടില്ലായെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ എത്ര കടമുറികൾ/ മാർക്കറ്റ് സ്റ്റാളുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം 2022-23 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും , വാടകയ്ക്ക് നൽകാത്തവ ഉണ്ടെങ്കിൽ ആയതിന്റെ കാരണവും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്( ഓഡിറ്റ് എൻക്വയറി നം 11/2022-23, 08.12.2023 ) 14.12.2023 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ആകെ 7 കടമുറികൾ ഉള്ളതിൽ 3 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും 9 സ്റ്റാളുകൾ ഉള്ളതിൽ 4 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ശേഷിക്കുന്നവ പൊട്ടി പൊളിഞ്ഞു കിടക്കുന്നതിനാലാണ് വാടകയ്ക്ക് നൽകാത്തതെന്നും പുനരുദ്ധാരണം ചെയ്യുന്നതിന് 2023-24 പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

വാടകയുടെ ബൈലോ സംബന്ധിച്ച അന്വേഷണത്തിന് ബൈലോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും ആയതിനാൽ അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സ്ഥാപനം പരിപാലിക്കുന്ന വാടക രജിസ്റ്ററിൽ എല്ലാ കടമുറികളുടെയും കൃത്യമായ വിവരങ്ങൾ എഴുതി രജിസ്റ്റർ യഥാവിധം പരിപാലിക്കുന്നുമില്ല.

കടമുറികൾ / സ്റ്റാളുകൾ ഉപയുക്തമാക്കുന്നതിനും ബൈലോ പ്രസിദ്ധീകരിക്കുന്നതിനും വാടക രജിസ്റ്റർ യഥാവിധം പരിപാലിക്കുന്നതിനും ഉള്ള തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 ലേലം അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന ലേല രജിസ്റ്റർ, ലേല ഡയറി, ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( ഓഡിറ്റ് എൻക്വയറി 12/2022-23, 08.12.2023 ,ഓഡിറ്റ് എൻക്വയറി നം 22 /2022-23, 12.12.2023 ) സ്ഥാപനം ഭാഗീകമായി മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) ലേല ഇനത്തിൽ വരവ് ഗണ്യമായി കുറയുന്നു.**

കരവാരം ഗ്രാമപഞ്ചായത്തിലെ മുൻ വർഷങ്ങളിലെ ലേലം സംബന്ധിച്ച രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ അപേക്ഷിച്ച് വളരെ കുറഞ്ഞ വരുമാനമാണ് ലേല ഇനത്തിൽ തൻ വർഷം ലഭിച്ചത് എന്ന് കണ്ടു. കോവിഡ് സാഹചര്യത്തിൽ പോലും 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 1,43,350 രൂപ ലേല ഇനത്തിൽ വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ 2022-23 ൽ രജിസ്റ്ററിൽ ആകെ ലേല ഇനത്തിലെ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 18000 രൂപ മാത്രമാണ്. മുൻ വർഷങ്ങളിലെ ലേല വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| വഞ്ചിയൂർ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ | 2016-17 | 125000 |
| | 2017-18 | 131000 |
| | 2018-19 | 146000 |
| | 2019-20 | 183000 |
| | 2020-21 | 40500 |
| | 2022-23 | 18000 |
| വഞ്ചിയൂർ മാർക്കറ്റ് കശാപ്പ് ശാല | 2016-17 | 126000 |
| | 2017-18 | 130000 |
| തോട്ടക്കാട് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ | 2016-17 | 11250 |
| | 2017-18 | 11500 |
| | 2018-19 | 11750 |
| | 2019-20 | 12100 |
| | 2020-21 | 2600 |

2021-22 സാമ്പത്തിക വർഷത്തിൽ ആകെ 39975 രൂപ വഞ്ചിയൂർ പബ്ലിക് മാർക്കറ്റ്, തോട്ടക്കാട് പബ്ലിക് മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്ന് ഡയറക്ട് കളക്ഷൻ നടത്തിയിരുന്നു. കോവിഡ് കഴിഞ്ഞ് ജനജീവിതം സാധാരണ നിലയിലായിട്ടും ലേല ഇനത്തിൽ വരവ് ഗണ്യമായി കുറയാനുള്ള സാഹചര്യം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ലേല നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് എടുത്തിരുന്നെങ്കിലും മാർക്കറ്റിൽ കൊണ്ടു വന്നു കച്ചവടം നടത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞതും വീടുകളുടെ മുന്നിൽ മത്സ്യം കൊണ്ട് നൽകുന്ന രീതി കൂടുതൽ നിലവിലുള്ളതിനാലും ആരും തന്നെ ലേലം കൈക്കൊള്ളുന്നില്ലെന്നും ലേല നടപടികൾ യഥാസമയം ചെയ്യുന്നുണ്ടെന്നും അറിയിച്ചു.

സ്ഥാപനത്തിന് ലേലത്തിലൂടെ പരമാവധി വരുമാനം ആർജിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം പരിഹരിച്ച് എല്ലാ ആസ്തികളും ലേലം ചെയ്തു നൽകുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

**2)കശാപ്പ് ശാലയിൽ നിന്ന് ലേല വരുമാനം ഇല്ല**

2016-17, 2017-18 കാലയളവിൽ നല്ല തുകയ്ക്ക് ലേലം പൊയ്ക്കൊണ്ടിരുന്ന വഞ്ചിയൂർ മാർക്കറ്റ് കശാപ്പ് ശാലയിൽ നിന്ന് തുടർന്നുള്ള വർഷങ്ങളിൽ ലേല ഇനത്തിൽ യാതൊരു വരുമാനവും ലഭിക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് വഞ്ചിയൂർ മാർക്കറ്റ് കശാപ്പ് ശാല 2017-18 സാമ്പത്തിക വർഷത്തിനു ശേഷം പൊളിച്ചു കളയുകയും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക അറവ് ശാല നിർമാണം നടത്തുകയും ചെയ്തിട്ടുണ്ട് എന്ന് സ്ഥാപനം മറുപടി ലഭ്യമാക്കി.

ആസ്തികൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3) വഞ്ചിയൂർ മാർക്കറ്റിലെ സ്റ്റോളുകൾ ശോചനീയാവസ്ഥയിൽ**

വഞ്ചിയൂർ മാർക്കറ്റിലെ സ്റ്റോളുകൾ തികച്ചും ശോചനീയാവസ്ഥയിൽ ആയതിനാൽ( ഓഡിറ്റ് എൻക്വയറി 64/2022-23, 15.12.2023) 2023-24 സാമ്പത്തിക വർഷം ഡ്രെയിനേജ് നിർമാണത്തിന് നിലവിൽ പ്രോജക്ട് വച്ചിട്ടുണ്ടെന്നും അടുത്ത റിവിഷനിൽ ഷോപ്പിങ് കോംപ്ലക്സ് മെയിന്റനൻസിനുള്ള പ്രോജക്ട് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.



**4) ലേലം ചെയ്യതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

ചുവടെ പറയുന്നവ ലേലം ചെയ്യുന്നതിനായി ഭരണസമിതി തീരുമാനം കൈകൊണ്ടിരുന്നു. എന്നാൽ അന്വേഷണ കുറിപ്പ് നൽകിയിട്ടും ഈ വിഷയത്തിൽ മറുപടിയോ ലേലം സംബന്ധിച്ച ഫയലോ അനുബന്ധ രേഖകളോ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) കരവാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ ഇലക്ട്രോണിക് വസ്തുക്കൾ ലേലം ചെയ്യുന്നതിനായി ടി വസ്തുക്കളുടെ വാല്യുവേഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റൻഡ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. വാല്യുവേഷൻ സംബന്ധിച്ച വിശദാംശങ്ങളും ലേലം ചെയ്തു നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

B) കരവാരം ഗ്രാമപഞ്ചായത്തിലെ സ്വിമ്മിംഗ് പൂൾ ലീസിന് നൽകുന്നതിന് വേണ്ടി ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു.ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് നിലവിൽ ലീസിന് നൽകിയിട്ടുള്ള മറ്റ് സ്വിമ്മിംഗ് പൂളുകൾ സന്ദർശിച്ച് ആയതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പ്രസിഡന്റ്,വൈസ് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ എന്നിവരടങ്ങിയ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

C)കരവാരം ഗ്രാമപഞ്ചായത്തിലെ ഞാറയ്ക്കാട്ടുവിള കുടുംബാരോഗ്യ കേന്ദ്രത്തിന് മുൻവശത്തായി നിൽക്കുന്ന പുളിവാക വഞ്ചിയൂർ ടി വി കിയോസ്കിന് സമീപം നിൽക്കുന്ന മാവ് എന്നീ മരങ്ങൾ ഉണങ്ങി ബലക്ഷയം സംഭവിച്ചതിനാൽ ആയത് മുറിച്ച് മാറ്റുന്നതിന് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ അനുമതി കമ്മിറ്റി പരിശോധിച്ചു.ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ പ്രകാരമുള്ള തുകയ്ക്ക് ടി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചടുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. വാല്യുവേഷൻ സംബന്ധിച്ച വിശദാംശങ്ങളും ലേലം ചെയ്തു നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച ആവശ്യമായ രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-16 FACTEOS ലൈസൻസ് അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 24 /2022-23, 12.12.2023 , ഓഡിറ്റ് എൻക്വയറി നം 73/2022-23, 15.12.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ പരിധിയിലുള്ള എല്ലാ റേഷൻ കടകളും ലൈസൻസ് എടുത്തിട്ടില്ലാ എന്ന് കണ്ടു. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ ഉണ്ട്, പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2.ഇറച്ചിക്കടകളുടെ വിശദാംശം ലഭ്യമാക്കിയില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശം ലഭ്യമാക്കേണ്ടതും അവയ്ക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

**3.വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1945 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട് . കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള

സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടെ 353 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**4)വ്യാപാരികൾ ലൈസൻസ് പുതുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

2022-23 സാമ്പത്തിക വർഷം സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന വാർഡിലെ വ്യാപാരികൾ ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| വാർഡ് | കെട്ടിട നം/ഉടമയുടെ പേര്/ സ്ഥാപനത്തിന്റെ പേര്/ |
|---|---|
| II | ഗ്രോസറി ഓൺലൈൻ, സുധീന , ഷഹാനി മൻസിൽ |
| | II/223 C, ജോയ് വലിയ വിള , പി.സി.മുക്ക്, ശ്രീ മുരുകൻ ഇലക്ട്രോണിക്സ്. |
| | സുരേഷ് കുമാർ, കൗസ്തുഭം, എസ്.എസ്.ഫിനാൻസിയേഴ്സ് |
| | ഭാരത് ട്രേഡേഴ്സ്, വിനോദ് കുമാർ, നന്ദു ലാന്റ്, പി.സി. മുക്ക്, |
| | II/704, അൽ മക്ക പൗൾട്രി ഫാം, താഹ, തൻസിൽ മൻസിൽ പുളിയറക്കോണം |
| | II/154, അഭിറാം ടയേഴ്സ്, വിനോദ്, സുനിൽ വിലാസം, നിലമേൽ |
| | II/123A , ചക്കി ബ്രദേഴ്സ് ആക്രിക്കട, സുനീർ കെ, അംബിക പറമ്പിൽ, കാഞ്ഞിരമറ്റം |
| | II/155 , SS Computer Centre, Shanavas, Shanavas Manzil |
| | II/309 D, Puthussery Poultry Farm, Manoharan V, Cramlin , Kayyikkara |
| | Magnet Communication, Kasthuri PS, Jyothiland |
| | II/291, AR Hollobricks, Sunil AR Manzil |
| | II/ 22, Puthusseril Finance, Sunil AR Manzil |
| | SS Traders, Opp.Karavaram PHSC |
| | II/162, ശിവ കാരുണ്യം കൺസ്ട്രക്ഷൻസ് |
| III | III/372, Grand Marbles, Noufal J Noufal Manzil Alamcodu |
| | III/412വി ഹെൽപ് ആക്രി വ്യാപാരം, ഇൻസാറുദ്ദീൻ ദാറുൽ ഫലാഗ് തലവിളമുക്ക് , തോട്ടക്കാട് |
| | III/ 298, Salmia Store, A Abdul Samad, Kunnuvila Veedu, Madanthappacha. |
| | III/280 A, അലി ജനറൽ സ്റ്റോർ ബേക്കറി, അൻസി.ഐ, അൻസാരി മൻസിൽ മടന്തപ്പച്ച |
| | III/147,148 Puthusseriyil Traders, Gibi RS, Green Land |
| | III/419, MS Store, Thalavilamukku, Nizamudeen Valiya Pambayil Veedu |
| | III/418, Kv Store , Noorjahan |

രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചാണ് മേൽ പട്ടികയിൽ വിവരങ്ങൾ ഉൾപ്പെടുത്തിയത്. മേൽ പട്ടികയിലുള്ള വ്യാപാരികൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ വ്യാപാരികളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ലൈസൻസ് എടുക്കാത്തവർക്കെതിരെ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**5)മെഷീൻ റണ്ണിങ് ഫീ ഈടാക്കിയില്ല.**

ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ മെഷീൻ റണ്ണിങ് ഫീ ഈടാക്കിയതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | കെട്ടിട നം/ഉടമയുടെ പേര്/ സ്ഥാപനത്തിന്റെ പേര്/ | കുതിര ശക്തി |
|---|---|---|

| | | |
|---|---|---|
| 1 | 3/341, ജെ.എസ്.എൻ റൈസ് മിൽ, സൈനുദ്ദീൻ, ജസീന മൻസിൽ, പള്ളി മുക്ക് (രജി.ക്രമ നം-143) | 4.5 HP |
| 2 | 17/56, റോയൽ അലൂമിനിയം ഫാബ്രിക്കേഷൻ, ബൻസീർ തലവിള വീട് പാവല്ല.(രജി.ക്രമ നം-154) | 2.5 HP |

മെഷീൻ റണ്ണിങ് ഫീ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**6) ലൈസൻസ് അപേക്ഷകൾ പൂർണമല്ല**

ലൈസൻസ് അപേക്ഷകൾ പൂർണമല്ല. എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. മൂലധന നിക്ഷേപ വിവരങ്ങൾ ഇല്ലാതെ ലൈസൻസ് ഫീ എപ്രകാരമാണ് ചുമത്തുന്നതെന്നത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**7)ക്വാറി ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.**

ചുവടെ പറയുന്ന ക്വാറി / ക്രഷർ യൂണിറ്റുകളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ലൈസൻസ് ഫയൽ ഹാജരാക്കുകയോ ചെയ്തില്ല.

| | | |
|---|---|---|
| 1 | VI/625,646,701<br>ജി പ്രസാദ് | നാന്ദി അഗ്രിഗേറ്റ്സ് ക്രഷർ |
| 2 | എം എസ് ശ്രീകുമാർ | എം എസ് ബിൽഡിങ് പ്രോഡക്ട്സ് ക്വാറി |
| 3 | VI/744,745,<br>V. Ajayakumar | SN Granites , Nellikkunnu. |

രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**8) ലൈസൻസ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ഡോ. ലക്ഷ്മി ആയുർവേദിക് ക്ലിനിക് |
| 2 | ആനന്ദ് മാതൃക ക്ഷീരോൽപാദക സഹകരണ സംഘം തോട്ടക്കാട് |

ലൈസൻസ് വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**9)രജിസ്റ്റർ പരിപാലനത്തിൽ അപാകത**

സ്ഥാപനം സൂക്ഷിച്ചിരിക്കുന്ന ലൈസൻസ് രജിസ്റ്റർ ധനകാര്യ വർഷാടിസ്ഥാനത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിലെ ക്രമ നം 342 മുതൽ 346 വരെയുള്ളത് 2023-24 ധനകാര്യ വർഷത്തെയാണ്. ഡി.സി.ബി യും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**10)പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമാക്കിയില്ല**

അഞ്ജലീ ഇൻഡസ്ട്രീസ് മെറ്റൽ ക്രഷർ ((VI/705) വി ശശീന്ദ്രന്) എന്ന സ്ഥാപനത്തിന് 28.02.2023 വരെ മാത്രമാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയുള്ളത് . എന്നാൽ ലൈസൻസ് 31.03.2023 വരെ അനുവദിച്ചതായി കാണുന്നു. ശേഷിക്കുന്ന കാലയളവിലേക്കുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**11)മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തനം – മറുപടി ലഭ്യമാക്കിയില്ല.**

12 ാം വാർഡിൽ മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രവർത്തനാനുമതി സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 പന്നി ,പട്ടി ലൈസൻസ്- അപാകങ്ങൾ

സ്റ്റാറ്റസ് റിപ്പോർട്ടു പ്രകാരം ആകെ നായ്ക്കളുടെ എണ്ണം 941 ആണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തവ 269 എണ്ണമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്(ഓഡിറ്റ് എൻക്വയറി 26/2022-23, 12.12.2023 ) വാക്സിൻ എടുത്ത 269 നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് അറിയിച്ചു.

ലൈസൻസ് രജിസ്റ്റർ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ എഴുതി സൂക്ഷിക്കുന്നില്ല, രജിസ്റ്ററിലെ 2022-23 സാമ്പത്തിക വർഷത്തെ വിവരങ്ങളിൽ 2023-24 വർഷത്തെയും ഉൾപ്പെട്ടിട്ടുണ്ട്, ഡി.സി.ബി യും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല തുടങ്ങിയ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 26/2022-23, 12.12.2023 ) രജിസ്റ്റർ വർഷാടിസ്ഥാനത്തിൽ എഴുതി ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

മുഴുവൻ നായ്ക്കൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടിയും , രജിസ്റ്റർ പരിപാലനത്തിലെ അപാകത പരിഹരിച്ചും റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ രജിസ്ട്രേഷൻ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച പരിശോധനയിൽ ശ്രീമതി.നിഷ പ്രകാശ് ന്റെ പി.എൻ ഡന്റൽ ക്ലിനിക് എന്ന സ്ഥാപനം 2022-23 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല, രജിസ്റ്റർ ധനകാര്യ വർഷാടിസ്ഥാനത്തിൽ എഴുതി സൂക്ഷിക്കുന്നില്ല, രജിസ്റ്ററിലെ 2022-23 സാമ്പത്തിക വർഷത്തെ വിവരങ്ങളിൽ 2023-24 ധനകാര്യ വർഷത്തെയും ഉൾപ്പെട്ടിട്ടുണ്ട്, ഡി.സി.ബി യും എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നീ അപാകതകൾ ശ്രദ്ധയിൽ പെട്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( ഓഡിറ്റ് എൻക്വയറി 23/2022-23, 12.12.2023 ) സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി.നിഷ പ്രകാശ്, പി,എൻ ഡന്റൽ ക്ലിനിക് 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ പരിശോധിച്ച് ഹാജരാക്കുന്നതാണെന്നും രജിസ്റ്റർ ധനകാര്യ വർഷാടിസ്ഥാനത്തിൽ എഴുതി ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

ലൈസൻസ് വിശദാംശങ്ങളും, രജിസ്റ്റർ പരിപാലനത്തിലെ അപാകത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ക്വാറി / ക്രഷർ യൂണിറ്റ് -സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽചുവടെ പറയുന്ന ക്വാറി / ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാറി / ക്രഷർ യൂണിറ്റുകൾ തദ്ദേശ സ്ഥാപനവുമായി സഹകരിച്ച് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, ഇത് മോണിറ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ, എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്(**ഓഡിറ്റ് എൻക്വയറി നം 25 /2022-23,12.12.2023 )** മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | ഉടമ | ക്വാറി / ക്രഷർ യൂണിറ്റ് |
|---|---|---|
| 1 | VI/710 A<br>ആർ ജെ കരുണാനിധി | കെ.വി.ബ്ലൂ മെറ്റൽസ് , ക്രഷർ യൂണിറ്റ് |
| 2 | VI/Sy No 147/8<br>ആർ ജെ കരുണാനിധി | കെ.വി.ബ്ലൂ മെറ്റൽസ് ക്വാറി |
| 3 | VI/695A Sy No 155/2<br>എം അജന്ത | ശിവമുരുകൻ ഗ്രാനൈറ്റ്സ്<br>ഗ്രാനൈറ്റ് ക്വാറി |
| 4 | VI/695A<br>എം അജന്ത | ശിവമുരുകൻ ഗ്രാനൈറ്റ്സ്<br>Granite Mining & Sale |
| 5 | VI/705<br>വി ശശീന്ദ്രൻ | അഞ്ജലീ ഇൻഡസ്ട്രീസ്<br>മെറ്റൽ ക്രഷർ |
| 6 | VI 154/1A<br>വി ശശീന്ദ്രൻ | അഞ്ജലീ ഇൻഡസ്ട്രീസ്<br>ക്വാറി |
| 7 | VI/625,646,701<br>ജി പ്രസാദ് | നാന്ദി അഗ്രിഗേറ്റ്സ് ക്രഷർ |
| 8 | എം എസ് ശ്രീകുമാർ | എം എസ് ബിൽഡിങ് പ്രോഡക്ട്സ് ക്വാറി |
| 9 | VI/744,745,<br>V. Ajayakumar | SN Granites , Nellikkunnu. |

മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-20 തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ വികസന ഫണ്ടിൽ നിന്നും 214480/- രൂപ നഷ്ടമായി

സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീയതി 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ, മുൻവർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 214480/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും പഞ്ചാത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 164494 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 89813 |
| 431100103 | Receivables For Property Tax On Non- Residential Buildings (Current) | 108883 |
| 431100104 | Receivables For Property Tax On Non- Residential Buildings (Arrears) | 68655 |

തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നിരിക്കെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും

പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-21 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യത തേടാവുന്നതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 35/13.12.2023) മറുപടിയായി "പാറയും ക്ഷേത്രവും" എന്ന സ്ഥലത്തെ തെരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും, അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം നേടുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 നീന്തൽകുളം - വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആഴാംകോണം ചിറയിലെ നീന്തൽകുളത്തിൽ 30 ദിവസത്തേയ്ക്ക് ഒരാൾക്ക് 1500/- രൂപ നിരക്കിൽ പഞ്ചായത്ത് നിയമിച്ച പരിശീലകന്റെ സഹായത്തോടെ നീന്തൽ പരിശീലനം നൽകി വരുന്നു. ഇതിനായി നീന്തൽ പരിശീലകന് പ്രതിമാസം 18000/- രൂപ വേതനം നൽകുന്നുണ്ട്. വിവിധ വൗച്ചറുകൾ പ്രകാരം പരിശീലകന് വേതനം നൽകിയ ഇനത്തിൽ 216000/- രൂപയും ( 18000*12), സ്വിമ്മിംഗ് പൂൾ കെമിക്കൽ വാങ്ങിയ ഇനത്തിൽ 149152/- രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആഴാംകോണം കുളം മെയിന്റനൻസ് എന്ന പ്രോജക്റ്റ് മുഖേന ( പ്രോജക്റ്റ് നം. 15) 7637/- രൂപ കുളം നവീകരിക്കുന്നതിനായി 2022-23 ൽ ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആഴാംകോണം നീന്തൽകുളത്തിനുവേണ്ടി ആകെ 372789/- രൂപ വിവിധ ഇനങ്ങളിലായി ചെലവഴിച്ചതായി കാണുന്നു.

നീന്തൽ പരിശീലനവുമായി ബന്ധപ്പെട്ട വരവ് രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ 43500/- രൂപ മാത്രമാണ് വരവ് ലഭിച്ചിട്ടുള്ളത്. ഇത്തരത്തിൽ വരവിനത്തിലുണ്ടാകുന്ന കുറവ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും , കൂടാതെ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (38/13.12.2023) മുഖേന ആവശ്യപ്പെട്ടിരുന്നു. 2010-15 കാലയളവിൽ നിർമ്മിച്ച നീന്തൽക്കുളം പൊതുജനങ്ങൾക്ക് വളരെ പ്രയോജനമുള്ളതാണെന്നും, കാലപ്പഴക്കം മൂലം നീന്തൽക്കുളത്തിലെ ടൈൽസ് ഇളകിയിട്ടുണ്ടെന്നും, കുട്ടികൾക്ക് മുറിവുണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ മെയിന്റനൻസിനായി പ്രോജക്റ്റ് വച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

വരവിനേക്കാൾ ചെലവുള്ള സാഹചര്യത്തിൽ നഷ്ടം നികത്തുന്നതിനായി നീന്തൽക്കുളം ടെണ്ടർ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും ബൈലാ പാസ്സായശേഷം മാത്രം ടെണ്ടർ നൽകുവാനും പിന്നീട് തീരുമാനിച്ചിരുന്നു. ബൈലാ പാസാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീന്തൽക്കുളം മെയിന്റനൻസ് നടത്തുന്നതിനും ഇതിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കണ്ടതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-23 ഹരിത ഹൃദയം ഫെസ്റ്റ് - വരവ് ചെലവ് കണക്കുകൾ ഭരണസമിതി അംഗീകാരത്തിന് വിധേയമാക്കിയിട്ടില്ല - തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്

ഭരണസമിതിയുടെ 11/07/2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഓണാഘോഷത്തിന്റെ ഭാഗമായി കുടുബശ്രീ നടത്തുന്ന ഓണച്ചന്തയോടൊപ്പം പഞ്ചായത്തിലെ വിവിധ വകുപ്പുകളുടെ സ്റ്റാളുകൾ കൂടി ഉൾപ്പെടുത്തുന്ന ഒരു മേളനടത്തുന്നതിന് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മേളയുടെ കോ-ഓർഡിനേറ്റർ ആയിരിക്കുന്നതാണെന്നും, മേളയുടെ നടത്തിപ്പിന്റെ സുതാര്യതക്കായി ജനകീയ സമിതി രൂപീകരിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും നിയമപരമായി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു.

തുടർന്ന് 5 അംഗങ്ങൾ (ലോകേഷ് ആർ, എസ് സജീർ, ഫാൻസി ഡി വി, ദീപ്തി മോഹൻ, ദീപ ) വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതിനെ തുടർന്ന് ഭരണസമിതിയുടെ 22/08/2022 ലെ 6(1) തീരുമാന പ്രകാരം ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ കേരള പഞ്ചായത്ത് വാർത്താചാനലിന്റെ പരിപൂർണ്ണ ഉത്തരവാദിത്തത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരുവിധ ബാധ്യതകളും ഉണ്ടാകാത്തവിധത്തിൽ ഹരിതഹൃദയം ഓണം ഫെസ്റ്റ് 2022 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 18 വരെ നടത്തുന്നതിന് കേരള പഞ്ചായത്ത് വാർത്താചാനൽ ചെയർമാനേയും, മേളയുടെ മേൽനോട്ടം സംഘാടകസമിതി അംഗങ്ങളേയും ചുമതലപ്പെടുത്തി തീരുമാനിച്ചു. സംഘാടക സമിതി അംഗങ്ങൾ - വി.ഷിബുലാൽ(പ്രസിഡന്റ്),ശ്രീമതി സിന്ധു.എസ്(വൈസ് പ്രസിഡന്റ്), ശ്രീ ഉല്ലാസ് കുമാർ(വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ),ശ്രീ സജീർ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ), മെമ്പർമാരായ ശ്രീ എം.കെ.ജ്യോതി,ശ്രീ അബ്ദുൾ കരിം.

Kerala Places Of Public Resort Act- 1963, ചട്ടം 3 പ്രകാരം 50 $M^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള സ്ഥിരമോ, താൽക്കാലികമോ ആയ യാതൊരു അടച്ചിട്ട സ്ഥലമോ/ കെട്ടിടമോ, ലൈസൻസില്ലാതെ പൊതു റിസോർട്ടായോ/ വിനോദത്തിനോ ഉപയോഗിക്കുവാൻ സാധിക്കുകയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടം, ചട്ടം 5 പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിക്കേണ്ടത് സെക്രട്ടറിയാണ്. എന്നാൽ അത്തരത്തിൽ ലൈസൻസ് അനുവദിച്ചതായോ, ഇത്തരത്തിലൊരു ഫെസ്റ്റ് നടത്തുന്നതിന് മുൻപ് പാലിക്കപ്പെടേണ്ട നിയമങ്ങൾ പാലിച്ചതായോ കാണുന്നില്ല. ഫെസ്റ്റ് നടത്തുന്നതിനായി ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം, ഫെസ്റ്റ് നടത്തുന്ന സ്ഥലം പരിശോധിച്ച് മാലിന്യ സംസ്കരണത്തിനുള്ള ക്രമീകരണം ഉറപ്പാക്കിയതിന്റെ വിവരം, ഫെസ്റ്റ് നടത്തുന്നതിന് അനുമതി നൽകുന്നതിന് മുൻപായി Fire & Rescue NOC, Stability Certificate, Policy Schedule For Public Insurance, Fssai Certificate, Electrical Inspector Certificate എന്നിവ ലഭിച്ചിട്ടുണ്ടെന്ന് പരിശോധനാ വിധേയമാക്കിയതിന്റെ വിവരം, ഫെസ്റ്റ് നടത്തുന്ന സ്ഥലങ്ങളിലെ താൽക്കാലിക സ്റ്റാളുകൾക്ക് ലൈസൻസ് അനുവദിച്ചതിന്റെ വിവരം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/12.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹരിതഹൃദയം ഓണം ഫെസ്റ്റുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റ് ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ റിപ്പോർട്ട് ( No.LSGD/PD/19402/2023-VIGAI Dtd 06.12.2023) പരിശോധിച്ചതിൽ മേളയുടെ ഭാഗമായി ധനസമാഹരണം നടത്തുന്നതിന് പ്രവേശന കൂപ്പണുകൾ കുടുംബശ്രീ സംവിധാനം ഉപയോഗിച്ചാണ് വിതരണം നടത്തിയതെന്നും ഒരു വാർഡിൽ 200 എണ്ണം എന്ന രീതിയിൽ 18 വാർഡിലും CDS മെമ്പർമാർ വഴി കൂപ്പൺ

വിതരണം ചെയ്തതായും, കുടുംബശ്രീ വിറ്റ കൂപ്പണുകളുടെ വിലയായ 96500/- രൂപ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി സിന്ധു.എസ് കൈപ്പറ്റിയതായും, 79400/- രൂപ പ്രസിഡന്റ് കൈപ്പറ്റിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പേരുള്ള 100 രൂപയ്ക്കുള്ള കൂപ്പൺ 9961 നമ്പർ വരെ അച്ചടിച്ചതായും രേഖകളുള്ളതായി പ്രസ്തുത റിപ്പോർട്ടിലുണ്ട്. മേളയുടെ വരവ് ചെലവ് കണക്കുകൾ ഭരണസമിതി പരിശോധനാ വിധേയമാക്കിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലൊരു ഫെസ്റ്റ് പഞ്ചായത്ത് പരിധിയിൽ നടന്നിട്ടും പ്രദർശന നികുതി ഇനത്തിൽ ലഭിച്ച 1000/- രൂപ (വാർഷിക ധനകാര്യപത്രിക പ്രകാരം) മാത്രമാണ് പഞ്ചായത്തിന് ലഭിച്ച വരുമാനം.

മേളയുടെ വരവിനായി കുടുംബശ്രീ വിതരണം ചെയ്ത രസീതുകളിൽ മുഖവില രേഖപ്പെടുത്താത്തതിന്റെ കാരണവും കുടുംബശ്രീ മുഖാന്തിരവും, പഞ്ചായത്തിന്റെ പേര് രേഖപ്പെടുത്തിയും വിതരണം നടത്തിയ രസീതുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പഞ്ചായത്തിന്റെ പേര് രേഖപ്പെടുത്തി, ഭരണസമിതിയിലെ അംഗങ്ങളുടെ സംഘാടനത്തിൽ നടത്തിയ ഫെസ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ ഭരണസമിതിയ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് സംഘാടക സമിതിയുടെ ഭാഗത്തെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിന് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടാകാത്തവിധത്തിൽ ഹരിതഹൃദയം ഓണം ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ച സാഹചര്യത്തിൽ പഞ്ചായത്തിന്റെ പേരുള്ള 100 രൂപയ്ക്കുള്ള കൂപ്പൺ 9961 നമ്പർ വരെ അച്ചടിച്ച് പണം ശേഖരിച്ചത് സംഘാടക സമിതിയുടെ ഭാഗത്തെ വീഴ്ചയാണ്. കൃത്യമായ വരവ് ചെലവ് കണക്കുകൾ ഭരണസമിതി അംഗീകരിച്ച് തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാത്ത തുക തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0156/23 |
| പ്രോജക്ടിന്റെ പേര് | **കന്നുകുട്ടി പരിപാലന പദ്ധതി** |
| അടങ്കൽ | 811800 ( വി.ഫ.ജ)<br>812500 ( മറ്റുള്ളവ)<br>700 ( തനത് ഫണ്ട്) |
| ചെലവ് | 811800 ( വി.ഫ.ജ)<br>700 ( തനത് ഫണ്ട്) |
| ബിൽ നമ്പർ | 457 തീയതി 16/03/2023 തുക 811800/-<br>ലഭ്യമല്ല , തുക 700/- |
| നിർവ്വഹണം | **വെറ്ററിനറി സർജൻ** |

മേൽ പദ്ധതിയ്ക്കായി 8,12,500/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ അവസാന നാല് വർഷങ്ങളിലെ വിനിയോഗ വിവരം എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 06/07.12.2023)

| വർഷം | എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | | ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം പദ്ധതി അവസാനിച്ച തീയതി |
|---|---|---|---|---|---|---|
| | | | തീയതി | തുക | | |
| 2018-19 | 500000 | 40 | 11/12/2023 | 489320 | 10680 | 01/02/2020 |
| 2019-20 | 500000 | 40 | 11/12/2023 | 500000 | 0 | 01/03/2022 |
| 2020-21 | - | - | - | - | - | - |
| 2021-22 | 2000000 | 160 | 12/12/2023 | 1990460 | 9540 | 01/05/2023 |
| 2022-23 | 812500 | 65 | 12/12/2023 | 308019 | 504481 | നിലവിലും തുടരുന്നു. |

പദ്ധതി അവസാനിച്ച ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്ന മേൽ തുകകൾ തിരികെ ലഭ്യമാക്കുകയോ തുടർവർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ)- തുക കൈമാറിയത് അപേക്ഷയിലുള്ള അക്കൗണ്ടിലേയ്ക്കല്ല

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | | | |
| പദ്ധതി നമ്പർ | 120/23 | | | |
| | വികസന ഫണ്ട് പൊതുവിഭാഗം (രൂപ) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(രൂപ) | ജില്ലാ പഞ്ചായത്ത് വിഹിതം(രൂപ) | ആകെ (രൂപ) |
| പദ്ധതി അടങ്കൽ | 600000/- | 400000/- | 400000/- | 1400000/- |
| പദ്ധതി ചെലവ് | 261825/- | 93879/- | 75000/- | 430704/- |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ | | | |

പദ്ധതി പ്രകാരം ഷീജ ജി എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിന് പകരം മറ്റൊരു അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നമ്പർ | 57027308795 (IFSC SBIN0070667) |

| | |
|---|---|
| തുക കൈമാറിയിരിക്കുന്ന അക്കൗണ്ട് നമ്പർ | 67224091000 (IFSC SBIN0070667) |
| ബിൽ റഫറൻസ് നം./ തീയതി - തുക | കൈമാറിയ തുക |
| 2201065205970092910 /09.12.2022- 71667/- രൂപ | 550/- രൂപ |
| 2201065205970093101З / 19.12.2022- 66345/- രൂപ | 1593/- രൂപ |
| ആകെ | 2143/- രൂപ |

ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 56/14.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഗുണഭോക്താവിന് തന്നെയാണോ ലഭ്യമായത് എന്ന് ഉറപ്പാക്കാനായിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 സാമൂഹ്യ സാക്ഷരതാ പദ്ധതി- സാക്ഷരതാമിഷന് 450/- രൂപ അധികം കൈമാറി

| | |
|---|---|
| പദ്ധതിയുടെ പേര് | സാമൂഹ്യ സാക്ഷരതാ പദ്ധതി |
| പദ്ധതി നമ്പർ | 109/23(SO) |
| പദ്ധതി അടങ്കൽ | 150000/- വികസന ഫണ്ട് പൊതുവിഭാഗം(രൂപ) |
| പദ്ധതി ചെലവ് | 94150/- വികസന ഫണ്ട് പൊതുവിഭാഗം(രൂപ) |
| എ സി ആർ ബിൽ നമ്പർ/ തീയതി- തുക | 69/28.06.2022- 39600/- രൂപ<br>538/28.03.2023- 54550/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് |

പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രകാരം തുല്യത പഠനകോഴ്സിലെ പഠിതാക്കളുടെ ഫീസ് കേരള സംസ്ഥാന സാക്ഷരത മിഷന് കൈമാറിയതിന്റെ രേഖകളും വിദ്യാർഥികളുടെ രജിസ്ട്രേഷൻ രേഖകളുമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.

| വർഷം | കോഴ്സ് | പഠിതാക്കളുടെ എണ്ണം | ഒരു പഠിതാവിന്റെ ഫീസ് (രൂപ) | ആകെ ഫീസ് (രൂപ) |
|---|---|---|---|---|
| 2019 | പത്താം തരം | 1 | 1750/- | 1750/- |
| | ഹയർസെക്കൻഡറി ഒന്നാം വർഷം | 10 | 2200/- | 22000/- |
| | ഹയർസെക്കൻഡറി രണ്ടാം വർഷം | 7 | 2200/- | 15400/- |
| | ആകെ | | | 39150/- |
| 2022 | പത്താം തരം | 1 | 1750/- | 1750/- |
| | ഹയർസെക്കൻഡറി ഒന്നാം വർഷം | 19 | 2200/- | 41800/- |
| | ഹയർസെക്കൻഡറി രണ്ടാം വർഷം | 5 | 2200/- | 11000/- |
| | ആകെ | | | 54550/- |

2019 വർഷം തുല്യത പഠനകോഴ്സിന്റെ പഠിതാക്കളുടെ ആകെ കോഴ്സ് ഫീസ് 39150/- രൂപയാണ്. എന്നാൽ എ സി ആർ ബിൽ നമ്പർ 69/28.06.2022 പ്രകാരം 39600/- രൂപ സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. 450/- രൂപ അധികം കൈമാറാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 27/12.12.2023 ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രീ പ്രൈമറി കുട്ടികൾക്ക് ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ- മാർഗരേഖ പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രീ പ്രൈമറി കുട്ടികൾക്ക് ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ |
| പദ്ധതി നമ്പർ | 110/23 (SO) |
| പദ്ധതി അടങ്കൽ | വികസന ഫണ്ട് പൊതുവിഭാഗം 60000/- രൂപ<br>മെയിന്റനൻസ് ഫണ്ട് റോഡിതരം 4456/- രൂപ<br>ആകെ- 64456/- രൂപ |
| പദ്ധതി ചെലവ് | 60000/- വികസന ഫണ്ട് പൊതുവിഭാഗം(രൂപ) |
| എ സി ആർ ബിൽ നമ്പർ/ തീയതി | 70/30.06.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് |

സ്റ്റോർ പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. / 08.11.2010) എന്നിവ പ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഒറ്റത്തവണയായിട്ടാണ് വാങ്ങേണ്ടത്. എന്നാൽ ടെണ്ടർ/ ക്വട്ടേഷൻ മുഖേന എല്ലാ സ്കൂളിലേക്കുമുള്ള ഫർണിച്ചർ നിർവഹണ ഉദ്യോഗസ്ഥ ഒരുമിച്ച് വാങ്ങാതെ ബിൽ മുഖേന മാറിയ തുക ചുവടെപ്പറയും പ്രകാരം വിവിധ സ്കൂളുകൾക്ക് വിഭജിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്.
ഗവ.യു.പി. സ്കൂൾ വഞ്ചിയൂർ- 30000/- രൂപ
ഗവ.എൽ.പി. സ്കൂൾ കട്ടപറമ്പ്- 17500/- രൂപ
ഗവ.എൽ.പി. സ്കൂൾ തോട്ടയ്ക്കാട്- 12500/- രൂപ
2021-22 ലെ പദ്ധതിയിൽ ആ വർഷം ലഭ്യമാകാതിരുന്ന തുക 2022-23 വർഷം ലഭിച്ചതിനാലാണ് അതാത് സ്കൂൾ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് പ്രധാനാധ്യാപകർ ഫർണിച്ചർ പർച്ചേസ് ചെയ്തത് എന്നും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ വിഷയം നിലവിലെ നിർവഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം 32/12.12.2023 ന് മറുപടി ലഭ്യമാക്കി. വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്ന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥ ടെണ്ടർ/ക്വട്ടേഷൻ മുഖേന ഒരുമിച്ച് സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യേണ്ടതാണ്.

## 1-28 ഭരണസമിതി തീരുമാനം - സകർമ്മ രേഖപ്പെടുത്തലിലെ അപാകം

സകർമ്മ മിനിട്ട്സ് പ്രകാരമുള്ള 03/03/2023 ലെ 2(1) നമ്പർ ഭരണ സമിതി തീരുമാനം ചുവടെ ചേർക്കുന്നു.

"കരവാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഇലക്ട്രി സിറ്റി ബോർഡിൽ നിന്നും R.R നടപടിയുടെ ഭാഗമായി ലഭിച്ച നോട്ടീസ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ബന്ധപ്പെട്ട സ്ഥലം പരിശോധിച്ച് തുക തനത് ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

എന്നാൽ തുക ഒടുക്കിയതുമായി ബന്ധപ്പെട്ട വൗച്ചറിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള 2(1) നം. തീരുമാനത്തിന്റെ വിവരണം ചുവടെ ചേർക്കുന്നു.


കരവാരം ഗ്രാമപഞ്ചായത്ത്

ഒരേ കമ്മിറ്റി തീരുമാനം ഇത്തരത്തിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/14.12.2023) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനായി ചുമതലപ്പെടുത്തിയ വ്യക്തിക്ക് തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചു.

വഞ്ചിയൂർ പബ്ലിക് മാർക്കറ്റിൽ ഫെബ്രുവരി 2022, മാർച്ച് 2022 കാലയളവിൽ നേരിട്ട് ഗേറ്റ് ഫീസ് പിരിച്ചയിനത്തിൽ ശ്രീമതി ഗിരിജയ്ക്ക് 6000/- രൂപ വൗച്ചർ നമ്പർ 22200162 തീയതി 22/06/2022 പ്രകാരം അനുവദിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് ( പൊതു മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും ) ചട്ടങ്ങൾ ചട്ടം 22 പ്രകാരം പൊതുമാർക്കറ്റുകളിലെ വണ്ടിത്താവളങ്ങളിൽ നിന്നും താൽക്കാലിക കച്ചവടക്കാരിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അധികാരം ലേലം ചെയ്തു കൊടുക്കുന്നതല്ല എന്ന് പഞ്ചായത്ത് തീരുമാനിക്കുന്ന സംഗതിയിൽ മേൽപറഞ്ഞ ഫീസ് നേരിട്ട് പിരിക്കുന്നതിനുള്ള ക്രമീകരണം പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഭരണസമിതിയുടെ 28/05/2022 ലെ അജണ്ട 5 -ൽ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് ഫീസ് പിരിക്കുന്നത് ലേലം മുഖേനയോ ലേലം ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥൻ മുഖേനയെ മാത്രമേ ടി പിരിവ് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും, ആയതിന് പ്രത്യേകം ആളിനെ വച്ച് കൂലി നല്കാൻ സാധിക്കില്ല എന്ന വിവരം പഞ്ചായത്ത് കമ്മിറ്റിയെ സെക്രട്ടറി ബോധ്യപ്പെടുത്തിയിരുന്നു. തനത് ഫണ്ടിൽ നിന്നും ടിയാൾക്ക് തുക നൽകുന്നതുമൂലം തനത് ഫണ്ടിലുണ്ടാകുന്ന നഷ്ടം ബാധ്യതയാകുമെന്നും ആയതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉത്തരവാദി ആയിരിക്കുകയില്ല എന്നും മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വഞ്ചിയൂർ മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിക്കുന്നതിന് 01/02/2021ലെ 18(1), 21(1) തീരുമാന പ്രകാരം ഏർപ്പെടുത്തിയ ശ്രീമതി ഗിരിജ എന്നയാൾക്ക് 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കൂലി തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് 28/05/2022 ലെ 5(2) തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ കഴിയില്ലായെന്ന സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ബയോ ഗ്യാസ് പ്ലാന്റ് - പുന:പ്രവർത്തിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചില്ല

വൗച്ചർ നമ്പർ 22200824 തീയതി 18/03/2023 പ്രകാരം അറവുശാല, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ കറണ്ട് ചാർജ് കുടിശ്ശിക ഒടുക്കി കണക്ഷൻ ഡിസ്കണക്ട് ചെയ്യുന്നതിനായി 17466/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായി കാടു പിടിച്ച നിലയിൽ കണ്ടു.



പ്ലാന്റ് പ്രവർത്തിക്കാത്തതിന്റെ കാരണം, പ്ലാന്റ് പുന:പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം, നാളിതുവരെ ബയോഗ്യാസ് പ്ലാന്റിനായി ചെലവഴിച്ച തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കുവാനായി

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (60/15.12.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റ ആസ്തിയിൽ ഉൾപ്പെട്ടിരുന്ന ബയോഗ്യാസ് പ്ലാന്റ് ഇത്തരത്തിൽ നിഷ്ക്രിയാസ്തിയായി മാറാനുണ്ടായ സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ പാഴ്ചെലവായി മാറാതെ തുടർന്ന് കൊണ്ടുപോകേണ്ടത് ഭരണസമിതിയുടെ ചുമതലയാണ്.

## 1-31 നെല്ലുകുത്ത് കേന്ദ്രം- നിഷ്ക്രിയാസ്തിയായി തുടരുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഞാറക്കാട്ടു വിള നെല്ല് കുത്തുകേന്ദ്രം അടഞ്ഞു കിടക്കുന്നതായും ഹരിത കർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ നെല്ല് കുത്ത് കേന്ദ്രത്തിന്റെ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്നതായും സ്ഥലപരിശോധനയിൽ കണ്ടു.




കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രോജക്ട് നം 90/20 പ്രകാരം നെല്ല് സംഭരിച്ച് കുത്തരിയാക്കൽ എന്ന പദ്ധതിയ്ക്കായി മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി- കണ്ണൂരിൽ നിന്ന്, 221600/-രൂപ ചെലവഴിച്ച് വാങ്ങിയ മിനി റൈസ്മിൽ യൂണിറ്റുകൾ കാലങ്ങളായി പ്രവർത്തിക്കാത്തതിനാൽ തുരുമ്പിച്ച അവസ്ഥയിലാണ്.

നെല്ലുകുത്ത് കേന്ദ്രം പ്രവർത്തിക്കാത്തതിനെക്കുറിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അന്വേഷിച്ചതിൽ, മെഷീൻ റിപ്പയറിംഗ് ആയതിനാൽ ഇളക്കികൊണ്ട് പോയിരിക്കുകയാണെന്നും രണ്ടാഴ്ക്കകം പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതായും, ടി കാലയളവിൽ 1918/- രൂപ കറണ്ട് ചാർജ്ജ് കുടിശ്ശികയുള്ളതായും 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 -ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നെല്ലുകുത്ത് കേന്ദ്രവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (63/15.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

എ) 2020-21 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം റിപ്പയറിംഗിനായി ഇളക്കികൊണ്ടു പോയ മെഷീനുകൾ പുനഃപ്രവർത്തിപ്പിച്ചതിന്റെ വിവരം

ബി) കേന്ദ്രത്തിന്റെ നിലവിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ വിവരം.

സി) കേന്ദ്രത്തിന്റെ കറണ്ട് ചാർജ് അവസാനമായി അടവാക്കിയ തീയതി.

ഡി) ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫുകളിൽ സൂക്ഷിക്കാതെ നെല്ലുകുത്തു കേന്ദ്രത്തിൽ സൂക്ഷിക്കുന്നതിന്റെ കാരണം.

ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് നെല്ലുകുത്ത് കേന്ദ്രം പുന:പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ തേടേണ്ടതും, കേന്ദ്രത്തിൽ കൂട്ടിയിട്ടുള്ള ഹരിത കർമ്മ സേന ശേഖരിച്ച മാലിന്യങ്ങൾ മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-32 സ്ത്രീ പദവി പഠനം- തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ത്രീ പദവി പഠനം- പെൺ അടയാളങ്ങൾ |
| പദ്ധതി നമ്പർ | 129/23 |
| പദ്ധതി അടങ്കൽ | 39800/- രൂപ(വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 12455/- രൂപ(വികസന ഫണ്ട് പൊതുവിഭാഗം) |
| എ സി ആർ ബിൽ നം/തീയതി – തുക | 379/13.02.2023 – 1755/-രൂപ<br>482/18.03.2023 – 10700/-രൂപ |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാനും പ്രദേശത്തെ ലിംഗപദവി സൗഹൃദമാക്കുന്നതിനും ലക്ഷ്യമാക്കിയുള്ള പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ എന്യുമറേറ്റർമാരായി ഷിനിരാജ് ആർ, അനില എം എന്നിവരെ നിയമിച്ചിട്ടുണ്ട്. സർവ്വേ വഴി ശേഖരിച്ച വിവരങ്ങൾ ഓൺലൈൻ സോഫ്റ്റ്വെയർ മുഖാന്തിരം എൻട്രി ചെയ്യുകയും പ്രസ്തുത ഡാറ്റ ക്രോഡീകരണത്തിനായി ജില്ലാപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം 19/11.12.2023 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-33 അങ്കണവാടികളുടെ ഭൗതിക സാഹചര്യം- അവലോകനം

അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 42/13.12.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു.

1)ഭൗതിക സാഹചര്യം

| ക്രമ നമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | പഞ്ചായത്തിലെ അങ്കണവാടികളുടെ എണ്ണം | 32 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 27 |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 |

| | | |
|---|---|---|
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 4 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| 6 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 0 |
| 7 | ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 0 |

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്.
ഐ സി ഡി എസിന്റെയും അങ്കണവാടികളുടെയും ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനായുള്ള ALMSC അതാത് അങ്കണവാടി തലത്തിൽ വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദേശങ്ങൾ നൽകി വരുന്നുണ്ടെന്നും, പഞ്ചായത്ത് തലത്തിൽ ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചിട്ടില്ലയെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. അപ്രകാരം കമ്മിറ്റി രൂപീകരിച്ച് അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കേദാരം സമഗ്ര നെൽകൃഷി പദ്ധതി - അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 121/23 |
| പ്രോജക്ടിന്റെ പേര് | കേദാരം സമഗ്ര നെൽകൃഷി പദ്ധതി |
| അടങ്കൽ | 1100000-വികസന ഫണ്ട്<br>1164500- ബ്ലോക്ക് പഞ്ചായത്ത്<br>1164500- ജില്ലാ പഞ്ചായത്ത്<br>മറ്റുള്ളവ-3885320<br>ആകെ-7314320 |
| ചെലവ് | 930810-വികസന ഫണ്ട്<br>782000- ബ്ലോക്ക് പഞ്ചായത്ത്<br>401438- ജില്ലാ പഞ്ചായത്ത്<br>ആകെ-2114248 |
| ബിൽ നമ്പർ (വെബ് സാംഖ്യ പ്രകാരം) | 134 /28/09/2022-3810<br>188 /03/11/2022-14112<br>187 /03/11/2022 -197388<br>186 / 03/11/2022-245700<br>185 / 03/11/2022 -206550<br>385 / 14/02/2023-1026<br>453 / 16/03/2023 -262224<br>462 /16/03/2023-5576<br>461 / 16/03/2023 –376924<br>463 / 16/03/2023 –1938<br>275 /22/12/2022--15980<br>274 / 22/12/2022 –10676<br>273 / 22/12/2022 –372844 |

| | |
|---|---|
| | 184 / 03/11/2022 – 10676<br>183 /03/11/2022 - 388824 |
| നിർവ്വഹണം | കൃഷി ഓഫീസർ |

കേദാരം സമഗ്ര നെൽകൃഷി പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷകളിൽ കൃഷി ഓഫീസറുടെ വാല്യുവേഷൻ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷകർ സ്വന്തം പേരിൽ ടാക്സ് ഒടുക്കിയ രസീതുകൾ ഹാജരാക്കാതിരുന്നിട്ടും പാട്ടകൃഷി ആണെന്ന നിർവഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടില്ല (ഉദാ-ഭദ്രാ ജെ.എൽ.ജി, ശാന്ത.കെ, രമേശൻ പിള്ള, ജെ.എൽ.ജി പവിഴം).

2) സബ്സിഡി മാർഗരേഖ ഖ.6.1 ലെ 9 A) 7 ൽ (സ.ഉ.(കൈ) നം. 115/2022/തസ്വഭവ, തീയതി 28.05.22) പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ ബന്ധുക്കൾ എന്നിവരുടേതാകരുത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ചേർത്തിട്ടില്ല.

3) ശ്രീ. രമേശൻ പിള്ള എന്ന ഗുണഭോക്താവ് ഹാജരാക്കിയ തണ്ടപേർ 2481 അനുസരിച്ച് കരം ഒടുക്കിയ രസീത് പ്രകാരം ആകെ 11 ആർ മാത്രമാണ് നിലമായുള്ളത് എന്നാൽ കൃഷി അസിസ്റ്റന്റിന്റെ ശുപാർശയിൽ 88 സെന്റ് നെൽകൃഷിക്കുള്ള ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് രേഖപ്പെടുത്തുകയും ആകെ 7568/-രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ടി ഗുണഭോക്താവിന് ആകെ സബ്സിഡിയായി അനുവദിക്കാവുന്നത് 5434 രൂപ മാത്രമാണ്.

4) ശ്രീമതി സുധ എസ് എന്ന ഗുണഭോക്താവ് ഹാജരാക്കിയ കരം ഒടുക്ക് രസീത് പ്രകാരം ഭൂമി നിലമാണോ പുരയിടമാണോ എന്ന് വ്യക്തമല്ല. ടിയാൾക്ക് 90 സെന്റ് നെൽകൃഷി ചെയ്തതിന്റെ ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് കൃഷി അസിസ്റ്റന്റ് ശുപാർശ ചെയ്തിട്ടുണ്ട്.

5) രണ്ടാംവിള നെൽകൃഷി (കൊണ്ണൂറി) അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ സാക്ഷ്യപത്രമോ കൃഷി ഓഫീസറുടെ ഉത്തരവോ ഇല്ല.

6) പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

7) ഓരോ ഗുണഭോക്താവിനും ആകെ അനുവദിച്ച തുക സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്കുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 46/2022-23, 14.12.2023) നെൽകൃഷി ചെയ്തിട്ടുള്ളത് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും തുടർന്നുള്ള പദ്ധതി നിർവഹണ സമയത്ത് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ റിപ്പോർട്ടുകളും സാക്ഷ്യപത്രങ്ങളും പൂർത്തീകരിച്ച് സൂക്ഷിച്ച് കൊള്ളാമെന്നും അറിയിച്ചു. ശ്രീ. രമേശൻ പിള്ള എന്ന ഗുണഭോക്താവ് തണ്ടപ്പേർ 50 പ്രകാരം 61 സെന്റിന്റെ കരം ഒടുക്കിയ രസീത് കൂടി ഹാജരാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തന്നെ പദ്ധതികൾ നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വീട് മെയിന്റനൻസ് ജനറൽ പദ്ധതി- പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | SO 272/23 |
| പ്രോജക്റ്റിന്റെ പേര് | വീട് മെയിന്റൻറൻസ് ജനറൽ |
| അടങ്കൽ | 900000 |
| ചെലവ് | 600000 |
| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ |
| ബിൽ നം | 549 - 28/03/2023-575000<br>550-28/03/2023-25000 |
| നിർവ്വഹണം | വിഇഒ സർക്കിൾ 1 |

കരവാരം ഗ്രാമ പഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്തതും എന്നാൽ അറ്റകുറ്റപണി നടത്തിയാൽ വാസയോഗ്യമാക്കാൻ കഴിയുന്നതുമായ ഭവനങ്ങൾ പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്.

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തികൾ നിർവഹിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 1 | ബേബിലത എൽ അക്കരവിള വീട് | 25000 | 40364101077531 |
| 2 | സുജാത , രജനീഷ് ഭവൻ | 25000 | 40352101032015 |
| 3 | നസീറ ബീവി, തുണ്ടുവിള വീട് | 25000 | 11220100018308 |
| 4 | ഉമാകുമാരി കെ, കുറ്റിച്ചൽ വീട് | 25000 | 32979401752 |

| | | | |
|---|---|---|---|
| 5 | ഷൈനു, വിപഞ്ചിക | 25000 | 40324101034934 |
| 6 | പുഷ്പാർജിനി മുല്ലശ്ശേരി വിള വീട് | 25000 | 11220100011900 |

മേൽ ഗുണഭോക്താക്കൾ ആദ്യ ഗഡുവായ 25000 രൂപ മാത്രമേ കൈപ്പറ്റിയുള്ളുവെന്നും 2022-23 സാമ്പത്തിക വർഷവും ടി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്തതിനാൽ ഓവർസീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചു (ഓഡിറ്റ് അന്വേഷണം നം 67/2022-23, 15.12.2023 നുള്ള മറുപടി).

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 PMAY വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-645000രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നം | 202/23 | 203/23 |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | PMAY വിഹിതം ( ജനറൽ) | PMAY വിഹിതം ( SCP) |
| അടങ്കൽ | 700000 | 945000 |
| ചെലവ് | 700000 | 945000 |
| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ | വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം | 201-15/11/2022 | 202- 15/11/2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 | |

ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം പി എം എ വൈ - ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് .ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം , തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ബ്ലോക്ക് ഓഫീസറുടെ കത്ത്, അക്കൗണ്ട് വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 61 /2022-23,15.12.2023 ) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | തുക | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് | വിനിയോഗിക്കാൻ അവശേഷിക്കുന്നത് | അക്കൗണ്ട് നം |
|---|---|---|---|---|---|
| 1 | 202/23 | 700000 | 100000(BP2/177/2022/KMR(2) Dtd 08.12.2023) | 600000 | 799011400001495 |
| 2 | 203/23 | 945000 | 900000(BP2/177/2022/KMR(3) Dtd 08.12.2023) | 45000 | |

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാത്ത 645000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ലൈഫ് പദ്ധതി -അപാകങ്ങൾ

ലൈഫ് പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)അകിറ്റൻസ് രജിസ്റ്റർ യഥാവിധം പരിപാലിക്കുന്നില്ല.

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമാണത്തിന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിരിക്കുന്നത് മുൻ വർഷങ്ങളിലും തൻവർഷങ്ങളിലുമായി വിവിധ പദ്ധതികളിലൂടെയും വിവിധ വിഹിതങ്ങളിൽ നിന്നുമാണ്. എന്നാൽ അകിറ്റൻസ് രജിസ്റ്ററുകളിൽ അനുവദിച്ച തുക, ഏത് വിഹിതം ,അനുവദിച്ച തീയതി, തുക അനുവദിച്ച പദ്ധതി, അക്കൗണ്ട് നം, എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ഫയലുകളിൽ എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 69/2022-23,15.12.2023 നുള്ള മറുപടി).

രജിസ്റ്ററുകൾ കാലികമാക്കി റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2) ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചില്ല

ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവ് കൈപ്പറ്റിയ തുക | പ്രോജക്റ്റ് നം |
|---|---|---|---|
| 1 | ശ്രീമതി.ബിന്ദു, ബിന്ദു ഭവൻ , | 40000/- | 194/23 |

| | | | |
|---|---|---|---|
| | വഞ്ചിയൂർ പി.ഒ | | |
| 2 | ശ്രീമതി.സജില , ബിലാൽ മൻസിൽ, മണ്ണൂർഭാഗം | 40000/- | 59/23 |
| 3 | ശ്രീമതി. ലക്ഷ്മി , പൊയ്ക വിള വീട് | 40000/- | 54/23 |
| 4 | ശ്രീ.അരുൺ ദാസ്, ചരുവിള വീട് , പുല്ലൂർ മുക്ക് | 40000/- | 295/23 |

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 69/15.12.2023) ശ്രീമതി.ബിന്ദു രോഗ ബാധിതയായതിനാലാണ് നിർമാണം ആരംഭിക്കാൻ കഴിയാഞ്ഞതെന്നും ഉടൻ നിർമാണം ആരംഭിക്കുന്നതാണെന്നും, ശ്രീമതി.സജില പാറ ലഭിക്കാത്തതിനാലാണ് നിർമാണം ആരംഭിക്കാതിരുന്നതെന്നും നിലവിൽ നിർമാണം ആരംഭിച്ചിട്ടുണ്ടെന്നും ശ്രീമതി. ലക്ഷ്മി രോഗ ബാധിതയായതിനാലും പാറ ലഭിക്കാത്തതിനാലുമാണ് നിർമാണം ആരംഭിക്കാൻ കഴിയാഞ്ഞതെന്നും, ശ്രീ.അരുൺ ദാസിന് ആക്സിഡന്റ് പറ്റിയതിനാലാണ് നിർമാണം ആരംഭിക്കാൻ കഴിയാഞ്ഞതെന്നും ഉടൻ നിർമാണം ആരംഭിക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

മേൽ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3)ഗുണഭോക്താവ് ഭവന നിർമാണം പൂർത്തിയാക്കിയില്ല.

ശ്രീമതി.ജയ.വി, ജയ മന്ദിരം, തേവലക്കാട് എന്ന ഗുണഭോക്താവ് ഒന്നാം ഗഡു ആയ 40000/- രൂപ പ്രോജക്ട് നം 295/23 പ്രകാരം കൈപ്പറ്റിയെങ്കിലും ഭവന നിർമാണം ഒന്നാ ഘട്ടം മാത്രമേ പൂർത്തിയാക്കിയുള്ളു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 69/15.12.2023) ഭൂമിയിൽ തർക്കം നിലനിൽക്കുന്നതിനാലാണ് ഭവന നിർമാണം തുടരാൻ സാധിക്കാത്തതെന്നും തർക്കം പരിഹരിക്കുന്നതിനുള്ള നടപടികൾ ഗുണഭോക്താക്കൾ കൈകൊണ്ടിട്ടുണ്ടെന്നും ഉടൻ തന്നെ രണ്ടാം ഗഡു അനുവദിക്കുന്നതിനും ഭവന നിർമാണം പൂർത്തിയാക്കുന്നതിനും കഴിയുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ഗുണഭോക്താവ് നിർമാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-38 പാഥേയം പദ്ധതി-അനുവദിക്കേണ്ട തുകയെക്കാൾ അധികം അനുവദിക്കുകയും അനുവദിച്ച തുക വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നു.110656 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം | 135/23 | 134/23 |
| പ്രോജക്ടിന്റെ പേര് | പാഥേയം പദ്ധതി | പാഥേയം പദ്ധതി |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 192192 (വികസന ഫണ്ട്- ജനറൽ ) | 139776 (വികസന ഫണ്ട് - Scp) |
| ചെലവ് | 192192 (വികസന ഫണ്ട്- - ജനറൽ ) | 139776 (വികസന -Scp) |
| ബിൽ നം | 558/28-3-23 | 440/14-3-23 |

ഗ്രാമ പഞ്ചായത്തിലെ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട അഗതികളായ ഗുണഭോക്താക്കൾക്ക് ഒരു വർഷത്തിലെ 365 ദിവസവും ഉച്ചഭക്ഷണം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോട് കൂടി നടപ്പാക്കുന്ന പദ്ധതിയാണ് പാഥേയം. ഗ്രാമ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്ന തുക ജില്ലാ പഞ്ചായത്തിന് കൈമാറുന്നു. നടപ്പു സാമ്പത്തിക വർഷം പാഥേയം (ജനറൽ), പാഥേയം (SC) എന്നിങ്ങനെ രണ്ടു പദ്ധതികളാണ് നടപ്പിലാക്കിയത്. 135/23 പാഥേയം (ജനറൽ) എന്ന പ്രോജക്ടു പ്രകാരം ഗ്രാമ പഞ്ചായത്തിലെ 14 ഗുണഭോക്താക്കൾക്കു വേണ്ടിയും 134/23 പാഥേയം (SC) പ്രോജക്ടു പ്രകാരം 5 ഗുണഭോക്താക്കൾക്കു വേണ്ടിയുമാണ് തുക വകയിരുത്തിയത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ് നം-135/23

എ.ജനറൽ വിഭാഗത്തിൽ പെട്ട 14 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിലുള്ളത്. 14-ാം പദ്ധതി സംയുക്ത പ്രോജക്ടുകളുടെ മാർഗ്ഗരേഖ പ്രകാരം പാഥേയം പദ്ധതിക്കായി കരവാരം പഞ്ചായത്ത് 40% നിരക്കിൽ കൈമാറേണ്ട തുക 128128 രൂപയാണ്. എന്നാൽ മേൽ ബിൽ പ്രകാരം 192192 രൂപ അടവാക്കിയിട്ടുണ്ട്. ടി തുക ജില്ലാ പഞ്ചായത്ത്, മേൽ പദ്ധതിക്കായി വകയിരുത്തേണ്ട തുകയെന്നാണ് മേൽ പറഞ്ഞ മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (എന്നാൽ രേഖകൾ പരിശോധിച്ചതിൽ ആകെ 14 ഗുണഭോക്താക്കൾക്കായി 16 രൂപ വെച്ച് 365 ദിവസത്തേക്ക് 81760 രൂപയാണ് വരേണ്ടത്. എന്നാൽ 128128 രൂപ കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.) ഗ്രാമ പഞ്ചായത്ത് വിഹിതമായി അടക്കേണ്ട തുകക്കു പകരം ജില്ലാ പഞ്ചായത്ത് വിഹിതമായി രേഖപ്പെടുത്തിയ തുക അടച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 43/13-12-23 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 64064 തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും ബാക്കി തുക വിനിയോഗിക്കാത്ത പക്ഷം തിരികെ ഈടാക്കേണ്ടതും കൂടാതെ പഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം അനുവദിക്കേണ്ട തുകയും ജില്ലാ പഞ്ചായത്തിന്റെ കണക്കു പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും ആണ്.

ബി) ടി തുകയുടെ വിനിയോഗ വിവരവും ചെലവു സംബന്ധിച്ച രേഖകളും ഭക്ഷണ വിതരണത്തിന്റെ രേഖകളും ലഭ്യമാക്കുന്നതിനായി സി ഡി എസ് ഓഫീസിൽ നിന്നും ലഭിച്ച രേഖകൾ പരിശോധിച്ചതിൽ 2022-23 വർഷം ലഭിച്ച തുകയിൽ നിന്നും മുൻവർഷങ്ങളിൽ വിവിധ വാർഡുകളിൽ താഴെ ചേർക്കും പ്രകാരം ഭക്ഷണം വിതരണം ചെയ്തതിന് തുക കൈമാറിയിട്ടുണ്ട്.

| ഭക്ഷണം വിതരണം നടത്തിയ തീയതി | ചെലവഴിച്ച തുക |
|---|---|
| 1-3-22 മുതൽ 31-3-22 വരെ | 2480 |
| 1-12-21മുതൽ 31-3-22 വരെ | 4840 |
| 1-9-21- മുതൽ 31-3-22 വരെ | 16960 |

| | |
|---|---|
| 1-10-21 മുതൽ 31-10-21 വരെ | 1240 |
| ആകെ | 25520 |

കൂടാതെ 2022-23 ൽ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.പ്രോജക്റ്റ് നം-134/23

പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ള 5 എസ് സി ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിലുള്ളത്. 14-ാം പദ്ധതി സംയുക്ത പ്രോജക്ടുകളുടെ മാർഗ്ഗരേഖ പ്രകാരം പാഥേയം എസ് സി പദ്ധതിക്കായി കരവാരം പഞ്ചായത്ത് 40% നിരക്കിൽ കൈമാറേണ്ട തുക 93184 രൂപയാണ്. എന്നാൽ മേൽ ബിൽ പ്രകാരം 139776 രൂപയാണ് കൈമാറിയിട്ടുള്ളത്. ടി തുക ജില്ലാ പഞ്ചായത്ത്, മേൽപദ്ധതിക്കായി വകയിരുത്തേണ്ട തുകയെന്നാണ് മേൽ പറഞ്ഞ മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (രേഖകൾ പരിശോധിച്ചതിൽ ആകെ 5 ഗുണഭോക്താക്കൾക്കായി 16 രൂപ വെച്ച് 365 ദിവസത്തേക്ക് 29200 രൂപയാണ് പഞ്ചായത്ത് വിഹിതമായി വരേണ്ടത്. എന്നാൽ 93184 രൂപ വിഹിതമായി കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.) ഗ്രാമ പഞ്ചായത്ത് വിഹിതമായി യഥാർത്ഥത്തിൽ അടക്കേണ്ട തുകക്കു പകരം ജില്ലാ പഞ്ചായത്ത് വിഹിതമായി രേഖപ്പെടുത്തിയ തുക അടച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/13-12-23 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി അനുവദിച്ച 46592 (139776- 93184) രൂപ തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും ബാക്കി തുക വിനിയോഗിക്കാത്ത പക്ഷം തിരികെ ഈടാക്കേണ്ടതും കൂടാതെ പഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം അനുവദിക്കേണ്ട തുകയും ജില്ലാ പഞ്ചായത്തിന്റെ കണക്കു പ്രകാരമുള്ള തുകയും തമ്മിലുള്ള വ്യത്യാസം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും ആണ്. കൈമാറിയ തുകയുടെ വിനിയോഗ വിവരവും ചെലവു സംബന്ധിച്ച രേഖകളും ഭക്ഷണ വിതരണത്തിന്റെ രേഖകളും ലഭ്യമാക്കുന്നതിനായി സി ഡി എസ് ഓഫീസിൽ നിന്നും ലഭിച്ച രേഖകൾ പരിശോധിച്ചതിൽ ചെലവു വന്നതായും കാണുന്നില്ല. ചെലവഴിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. രണ്ടു പദ്ധതികളിലുമായി അധികം അനുവദിച്ച തുകയായ 110656 രൂപ (64064 + 46592) തിരികെ ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യത ആകുന്നതുമാണ്.

## 1-39 ഗ്രാമപഞ്ചായത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ- ജി എസ് ടി. ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ വിവിധ താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശവും ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങളും താഴെ ചേർക്കുന്നു

എ.

| | |
|---|---|
| പ്രോജക്റ്റ് നം | 231/23 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൾ |
| അടങ്കൽ | ആകെ 1018500<br>സി എഫ് സി –800000<br>വികസന ഫണ്ട് ജനറൽ – 218500 |
| ചെലവ് | 800000- CFC |
| വൗച്ചർ /ബിൽ നം. | 535/28-3-23 -392600<br>431/13-3-23 –4074200 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം-/ തിയ്യതി | 49/14-12-23 |

പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് തുടർച്ചയായി ഉണ്ടാവുന്ന വൈദ്യുതി ക്ഷാമം ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ഓഫീസിലേക്ക് ജനറേറ്റർ വാങ്ങി അതു വഴി ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പ്രകാരം പൊതുമേഘലാ സ്ഥാപനമായ KEL ൽ നിന്നുമാണ് വാങ്ങൽ നടത്തിയിരിക്കുന്നത് . ഇൻവോയ്സ് നം 567/25-3-23 പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജായി 323497 രൂപയും , ഇൻവോയ്സ് നം 543/20-3-23 പ്രകാരം ജനറേറ്ററിന്റെ വിലയായി 695000 രൂപയും സ്ഥാപനം ക്ളെയിം ചെയ്തിട്ടുണ്ട്. തൻ വർഷം മേൽ ബിൽ പ്രകാരം 800000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി.ടി.ഡി.എസ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ സ്ഥാപനത്തിനു നൽകാനുള്ള ബില്ലിൽ നിന്നും 2% ജി എസ് ടി ഈടാക്കി അടവാക്കിയിട്ടില്ല.ആയതിന്റെ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിച്ച അനുമതി ഉത്തരവിൽ പറഞ്ഞട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റെയും , കെ എസ് ഇ ബി യിൽ നിന്നുള്ള പവർ അലോക്കേഷൻ അനുമതി ലഭിച്ചതിന്റെയും എനർജി മീറ്റർ സ്ഥാപിച്ചതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

ബി

| | |
|---|---|
| പ്രോജക്റ്റ് നം | 10/23 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് UPS വാങ്ങൽ മെഷീൻ വാങ്ങൽ |
| അടങ്കൽ | ആകെ 400805<br>300805(CFC)+100000-(തനതു ഫണ്ട്) |
| ചെലവ് | ആകെ 398000<br>300805(CFC)+97195-(തനതു ഫണ്ട്) |

| | |
|---|---|
| വൌച്ചർ /ബിൽ നം | 210/9-11-22 -97195<br>209/19-11-22-300805 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം-/ തിയ്യതി | 49/14-12-23 |

പഞ്ചായത്ത് ഓഫീസിലെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്താൻ പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ,പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സംരക്ഷണത്തിനായി പുതിയ യു പി എസ് വാങ്ങുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ജെം മുഖേനയാണ് പർച്ചെയ്സ് നടത്തിയിരിക്കുന്നത്.ജെം മുഖേന ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഹൈക്കോൺ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് (ട്രാക്സ് ഇൻവോയ്സ് നം 0LGB-2223004068/30-9-22 രൂപ-398000) വാങ്ങൽ നടത്തിയിരിക്കുന്നത്. ടി ബില്ലിൽ നിന്നും ജി എസ് ടി ടി ഡി എസ് ഈടാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-40 വിവിധ പദ്ധതികൾക്കായി വിഹിതം കൈമാറൽ-വിനിയോഗ വിവരം ലഭ്യമല്ല-850000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ ചേർക്കുന്ന വിവിധ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 239/23 | ജില്ലാ പ്ളാനിംഗ് ഓഫീസ് കെട്ടിടം നിർമ്മാണം തുക നൽകൽ | മെമ്പർ സെക്രട്ടറി & ചെയർ പേഴ്സൺ | വികസന ഫണ്ട് ജനറൽ | 125/16-9-22 | 350000 |
| 2 | 164/23 | എസ് എസ് എ വിഹിതം നൽകൽ (ജനറൽ) | ബി ആർ സി / കിളിമാനൂർ | വികസന ഫണ്ട് ജനറൽ | 128/16-9-22 | 200000 |
| 3 | 165/23 | എസ് എസ് എ വിഹിതം നൽകൽ (Scp) | ബി ആർ സി / കിളിമാനൂർ | വികസന ഫണ്ട് (Scp) | 129/16-9-22 | 300000 |

വിനിയോഗ വിവരം മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി( ക്രമ നം-2,3)ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറി നം 5/7-12-23 നും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം 21 ന് രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെക്കും 850000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 പ്രവൃത്തികൾ പൂർത്തിയായ ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യു

സ.ഉ. (പി) നം. 13/2012/പൊ.മ.വ. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുമ്പോൾ തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതും, ഇതിലേക്കായി പ്രവൃത്തി പൂർത്തിയാകുന്നതുവരെയോ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടം വരെയോ കാത്തിരിക്കേണ്ടതില്ലായെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്രകാരം ഉചിത സമയങ്ങളിൽ റിവൈസ് ചെയ്യാതെ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം റിവൈസ് ചെയ്യതായി കാണുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് നം, പേര്, എം. ബുക്ക് നം | പ്രവൃത്തി പൂർത്തീകരിച്ച തീയതി (എം ബുക്ക് പ്രകാരം) | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം ലഭിച്ച തീയതി |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 25/23<br>വണ്ടിത്താവളം കരവായിക്കോണം റോഡ് പുനരുദ്ധാരണം<br>എം.ബുക്ക് നം. 90/22-23 | 27.01.2023 | 10.2.2023 തീയതിയിലെ 1(4) നം. തീരുമാനം |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 55/14-12-23ന് മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് പ്രവൃത്തികൾ നിർവഹിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 പഠനമുറി നിർമ്മാണം- രേഖകൾ ലഭ്യമല്ല-262000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എ)

| | |
|---|---|
| പ്രോജക്റ്റ് നം | S0-140/23 |
| പ്രോജക്റ്റിന്റെ പേര് | വിദ്യാർഥികൾക്ക് പഠന മുറി |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| | |

| | |
|---|---|
| അടങ്കൽ | 800000 (വികസന ഫണ്ട് എസ്.സി.പി ) |
| ചെലവ് | 262600 |
| ബിൽ നം | 281-24.12.2022-50000<br>282/24-12-22-50000<br>302/7-1-22-50000<br>328/21-1-22-50000<br>559/28-3-22-62600 |

ഗ്രാമ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർഥികൾക്ക് നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്കാണ് പദ്ധതി യിലുൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിരിക്കുന്നത്.

എ. ആദ്യ രാജ്,രാജ് വില്ല-50000/-

ബി-സബിത. ആർ. സരിത വിലാസം-50000/-

സി. മീനുമോൾ. പി , പ്രജിത്ത് ഭവൻ-78600/-

ഡി. മുദ്ര.എം. വി , കുന്നുവിള ,പുത്തൻ വീട്-84600/-

പദ്ധതിയുമായിപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല

1. കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശ സാക്ഷ്യ പത്രം ലഭ്യമല്ല. ആനുകൂല്യം കൈപ്പറ്റിയ ആദ്യ രാജ് എന്ന വിദ്യാർഥിയുടെ സ്കൂളിൽ നിന്നുള്ള സാക്ഷ്യ പത്രത്തിൽ അഡ്രസ് തടത്തരികത്ത് വീട് , പന്താടിക്കുളം , കാട്ടുംപുറം , കല്ലറ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആധാർ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവയിലും അതേ അഡ്രസ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ റേഷൻ കാർഡിൽ രാജ് വില്ല, കുറിഞ്ചിക്ക വിള, കരവാരം എന്നാണ്. മേൽ പറഞ്ഞത് രണ്ടും ഒരാളാണെന്ന് തെളിയിക്കുന്ന രേഖ.

2. 14-ാംപദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ ഉ (കൈ) 115/2022/ തസ്വ ഭവ തിയ്യതി -28-5-22 ഖണ്ഡിക-7-2-13 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠന മുറി നിർമ്മിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ പ്ലാൻ, കെട്ടിടത്തിന്റെ ഏരിയ, പഠന മുറി പൂർത്തീകരിച്ചതിനുശേഷം സഞ്ചയയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം പുതുക്കിയതിന്റെ വിവരം എന്നിവയുടെ വിശദാംശം.

3. മുദ്ര പത്രത്തിൽ രേഖപ്പെടുത്തലുകൾ ഇല്ല.

4. ഗുണഭോക്തൃ ലിസ്റ്റ്.

5. ഗുണഭോക്താക്കളുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, മുൻ വർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ.

6. ആനുകൂല്യം കൈപ്പറ്റിയ മീനു മോൾ , മുദ്ര എന്നിവരുടെ വാല്യുവേഷൻ മാത്രമാണ് ഫയലിലുള്ളത്. മറ്റു രണ്ടു പേരുടേയും പഠന മുറി നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്നതിന്റെ വിവരം.

7. ലഭ്യമാക്കിയ വാല്യുവേഷൻ സ്റ്റേറ്റ്മെന്റിൽ പൂർത്തിയാക്കിയ പഠനമുറിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗ രേഖപ്രകാരം നിർമ്മിക്കാവുന്ന അളവ് നിജപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ പ്രകാരം നിർമ്മിച്ച മുറിയുടെ അളവ് പരിശോധിക്കുന്നതിനാവശ്യമായ രേഖ.

മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതു വരെ 262600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 65/23 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | 225000- വികസന ഫണ്ട് എസ്.സി.പി |
| ചെലവ് | 225000- വികസന ഫണ്ട് എസ്.സി.പി |
| ബിൽ നമ്പർ | 4/26.04.2022-50000<br>30/17.05.2022-75000<br>279/24.12.2022-100000 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്കാണ് പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിരിക്കുന്നത്.

1.ഗോപിക .മേലേവിള,പുല്ലൂർ വിള വീട് എന്ന ഗുണഭോക്താവിന് 150000 രൂപ അനുവദിച്ചിട്ടുണ്ട്.

2.ജ്യോതിക, പുല്ലൂർമുക്ക് എന്ന ഗുഭോക്താവിന് 75000 രൂപ അനുവദിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല.

എ.ഗുണഭോക്തൃ ലിസ്റ്റ്

ബി പട്ടിക ജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യ പത്രം
സി.ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം
ഡി.14-ാംപദ്ധതിസബ്സിഡി മാർഗ്ഗ രേഖ സ ഉ (കൈ) 115/2022/ തസ്വ ഭവ തിയ്യതി -28-5-22 ഖണ്ഡിക-7-2-13 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന്പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠന മുറി നിർമ്മിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ പ്ലാൻ , കെട്ടിടത്തിന്റെ ഏരിയ , പഠന മുറി പൂർത്തീകരിച്ചതിനുശേഷം സഞ്ചയയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം പുതുക്കിയതിന്റെ വിവരം എന്നീ വിശദാംശങ്ങളൊന്നും തന്നെ ലഭ്യമല്ല.
ഇ.ഗുണഭോക്താക്കളുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ.
രേഖകൾ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നം 74/15-12-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-43 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- രേഖകൾ ലഭ്യമാക്കിയില്ല- 193788/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| പദ്ധതി നമ്പർ | 107/23(SO) |
| പദ്ധതി അടങ്കൽ | 200000/- രൂപ (വികസന ഫണ്ട് എസ് സി പി) |
| പദ്ധതി ചെലവ് | 193788/- രൂപ (വികസന ഫണ്ട് എസ് സി പി) |
| എ സി ആർ ബിൽ നമ്പർ/ തീയതി | 64/21.06.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ് |

പദ്ധതി സംബന്ധമായ ചെലവു രേഖകൾ, ഗുണഭോക്തൃലിസ്റ്റ്, സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ എന്നിവ ഓഡിറ്റ് റിക്വിസിഷൻ (നം. 2/15.12.23) നൽകിയിട്ടും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 193788/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ജീവിത ശൈലി രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധവും |
| പദ്ധതി നമ്പർ | 100/23 |
| പദ്ധതി അടങ്കൽ | 150000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| പദ്ധതി ചെലവ് | 150000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| എ സി ആർ ബിൽ നമ്പർ/ തീയതി | 175/31.10.2022 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ- ആയുർവേദം |

പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻ വോയിസ് നമ്പർ 90292689 തീയതി 28.02.2023 പ്രകാരം 106/- രൂപ നിരക്കിൽ ഗോപാത്മജാദി Co-Oil 200 Ml ന്റെ 75 ബോട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

| Batch Number | Quantity | Expiry Date |
|---|---|---|
| T17204 | 45 | 10/2023 |
| T17206 | 30 | 11/2023 |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ നവംബർ 2023 ന് ശേഷം 55 ബോട്ടിൽ ഇനിയും വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി കാണപ്പെട്ടു. ഇവ കാലാവധി കഴിഞ്ഞ മരുന്നുകളാണ്.
ടി മരുന്നുകൾ ഒക്ടോബർ മാസം സബ്സ്റ്റോക്കിലേക്ക് ഇൻഡന്റ് എടുക്കുമ്പോഴാണ് കാലാവധി തീരാറായി എന്ന് മനസ്സിലായതെന്നും സ്ഥാപനത്തിൽ ലഭിച്ച് 7 മാസത്തിനകം മരുന്നുകളുടെ കാലാവധി തീരുന്ന വിഷയം ഔഷധിയിൽ അറിയിച്ചപ്പോൾ ഹെഡ് ഓഫീസിൽ നിന്നും അപ്പ്രൂവൽ വാങ്ങി അടുത്ത തവണ മരുന്നുകൾ കൊണ്ടുവരുന്ന സമയത്ത് ബാക്കിയുള്ള 55 ബോട്ടിലുകൾ തിരിച്ചെടുത്ത് പകരം നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം 4/ 07.12.2023 ന് മറുപടി ലഭ്യമാക്കി. കാലാവധി കഴിഞ്ഞ മരുന്നുകൾ തിരികെ നൽകി പുതിയ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-45 ഡെപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗ വിവരം ലഭ്യമല്ല-26829 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 162/23 |
| പ്രോജക്റ്റിന്റെ പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ആകെ –314899<br>വികസന ഫണ്ട് പൊതുവിഭാഗം – 114899<br>തനത് ഫണ്ട് – 200000 |
| ചെലവ് | വികസന ഫണ്ട് പൊതുവിഭാഗം- 26829 |
| ബിൽ നം. | 224/26-11-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| ഓഡിറ്റ് എൻക്വയറി നം- | 8/8-12-23 |
|---|---|

ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കേടു പാടുകൾ സംഭവിച്ചതും ഗതാഗതത്തിന് തടസ്സമായി നിൽക്കുന്നതുമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.29-10-22 ലെ 1(11) തീരുമാന പ്രകാരം പഞ്ചായത്തിലെ പാവല്ല ഹെൽത്ത് സെന്ററിനു മുകളിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനായി കെട്ടിടത്തിനു മുകളിലൂടെ ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള തുകയാണ് മേൽ പദ്ധതിയിലുൾപ്പെടുത്തി കെ എസ് ഇ ബി ക്കു നൽകിയിട്ടുള്ളത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1 സർക്കാർ ഉത്തരവ് നം /84/2022/തസ്വഭവ തിയ്യതി -19-4-22 അധ്യായം 12 ഖണ്ഡിക (ഡി) (Ii)പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക കൈമാറുന്നതിന് മുമ്പായി കരാറിലേർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ടി വ്യവസ്ഥ പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.

2.കൈമാറിയ തുകകളുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം , ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.മേൽ പ്രകാരമുള്ള രേഖകളുടെ അഭാവത്തിൽ 26829 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 വിവിധ കുടിവെള്ള പദ്ധതിക്കായി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല. 1446369 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് നം | 263/23 | 96/23 | 95/23 | 94/23 | 286/23 | 298/23 |
|---|---|---|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | 82-ം അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം | ആശാരിക്കുന്ന് കോളനിയിൽ കുഴൽകിണർ നിർമ്മാണം | കുഴിവീട് അങ്കണവാടിയിൽ കുഴൽ കിണർ നിർമ്മാണം | ഈരാണിമുക്ക് കുഴൽ കിണർ നിർമ്മാണം വാർഡ്-3 | ഈരാണിമുക്ക് കുഴൽ കിണർ നിർമ്മാണം വാർഡ്-3 ഫേസ്-2 | 109-ം നമ്പർ അങ്കണവാടിയിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 437583(സി എഫ് സി ) | 250000(സി എഫ് സി ) | 250000(സി എഫ് സി ) | 400000(സി എഫ് സി ) | 240000(സി എഫ് സി ) | 587583-സി എഫ് സി |
| ചെലവ് | 300000(സി എഫ് സി ) | 250000(സി എഫ് സി ) | 250000(സി എഫ് സി ) | 400000(സി എഫ് സി ) | 158000(സി എഫ് സി ) | 88369(സി എഫ് സി ) |
| വൌച്ചർ നം / ബിൽ നം | 225/28-11-22 | 223/26-11-22 | 208/19-11-22 | 222/26-11-22 | 381/13-2-23 | 536/28-3-23-86434<br>480/18-3-23-1935 |
| നിർവ്വഹ ണോദ്യോഗസ്ഥൻ | സെക്രട്ടറി | | | | | |

ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി മേൽ പരാമർശിച്ച പദ്ധതികൾ പ്രകാരം ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല.

കൈമാറിയ തുകകളുടെ വിനിയോഗ വിവരം, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ, പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/8-12-23 ന് ലഭ്യമാക്കിയ മറുപടിയിൽ കൈമാറിയ തുകയുടെ രസീത്, മറ്റ് രേഖകൾ എന്നിവ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി രേഖകൾ ലഭ്യമാക്കുന്നതുവരെക്കും 1446369 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപണി- രേഖകൾ സൂക്ഷിക്കുന്നില്ല

| പ്രോജക്റ്റ് നം | S0206/23 |
|---|---|
| പ്രോജക്ടിന്റെ പേര് | കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകര ണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി. |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200000 (തനതുഫണ്ട് ) |
| ചെലവ് | 154462 |
| ബിൽ നം | 366/6-2-23,154462 |
| ഓഡിറ്റ് എൻക്വയറി | 29/12-12-231 |

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും , പരിപാലനവും സമയബന്ധിതമായ അറ്റകുറ്റ പ്രവർത്തനവും നടത്തുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കെൽട്രോണുമായാണ് വാർഷിക അറ്റകുറ്റ പണി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 29-9-22 മുതൽ 28-9.2023 വരെ കാലയളവിലേക്കാണ് എ എം സി പുതുക്കിയിട്ടുള്ളത്. ടാക്സ് ഇൻവോയ്സ് നം. IIS/0830/22-23, 30.09.2022 പ്രകാരം കെൽട്രോണിന് 154462/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

1.വാറണ്ടി കാലാവധി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സെർവർ, യുപിഎസുകൾ, എന്നിവയെയാണോ എ എം സിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ ആവശ്യമായ രജിസ്റ്റർ ലഭ്യമാക്കിയില്ല.

2. കെൽട്രോണുമായി ചമച്ച കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണയെങ്കിലും എ എം സിയിൽ ഉൾപ്പെട്ട ഉപകരണങ്ങളുടെ ജനറൽ സർവീസും പരിശോധനയും കെൽട്രോൺ നടത്തണം എന്ന് നിഷ്കർഷിക്കുന്നു. കെൽട്രോൺ പരിശോധന നടത്തിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഉപകരണങ്ങളുടെ പരിപാലനം കരാർ പ്രകാരം നിഷ്കർഷിച്ച രീതിയിൽ കാര്യക്ഷമമായി നടന്നോ എന്നത് ഉറപ്പു വരുത്താനായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-48 കുടുംബാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല-157486

**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് നം | 251/23 |
| പ്രോജക്റ്റിന്റെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ |
| അടങ്കൽ | 7486+150000-തനതു ഫണ്ട്+ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ആകെ 157486<br>7486-തനത് ഫണ്ട്<br>150000- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം | 255/13-12-22-7486<br>254/13-12-22-150000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 33/12-12-23 |

കുടുംബാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല.

എൻ എച്ച് എം ജില്ലാ പ്രോഗ്രാം ഓഫീസറുടെ TVM/3070/CONSULTANT ( ENGG/2019/DPMSU/കത്ത് പ്രകാരം കരവാരം പി എച്ച് സി യെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് പൊതുമേഖല സ്ഥാപനമായ M/S HLL Life Care LTD നായിരുന്നു നിർമ്മാണ ചുമതല , ടി പ്രവർത്തി 20-6-21 ൽ ആരംഭിച്ച് 15-9-21 ൽ പൂർത്തീയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് വിഹിതമായി 25-5-20 ൽ 1196158 രൂപ എൻ എച്ച് എം ന് നൽകുകയും ഫൈനൽ ബില്ലുകളുടെ അടിസ്ഥാനത്തിൽ 2753644 രൂപ പദ്ധതിക്കായി ആകെ ചെലവായിട്ടുണ്ടെന്നും നാളിതുവരെ 2587010രൂപ കരാറുകാർക്ക് നൽകിയതായും പഞ്ചായത്ത് വിഹിതമായി 157486 രൂപ കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയത്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം എൻ എച്ച് എം കത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതു വരെ 157486 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-49 സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല-530000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്റ്റ് നം | 265/23 | 240/23 |
| പ്രോജക്റ്റിന്റെ പേര് | സബ്സെന്റർ കെട്ടിട നിർമ്മാണം -വാർഡ്-15 | വാർഡ് -15 പി.എച്ച്.സി സബ്സെന്റർ കെട്ടിട നിർമ്മാണത്തിനുള്ള മണ്ണ് പരിശോധനയ്ക്കുള്ള തുക ഒടുക്കൽ |
| അടങ്കൽ | 500000-വികസന ഫണ്ട്( ജനറൽ) | 30000/- ( തനത് ഫണ്ട്) |
| ചെലവ് | 500000/- | 30000/- |
| ബിൽ നമ്പർ / തീയതി | 256/13-12-22 | 120/6-9-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| ഓഡിറ്റ് എൻക്വയറി നം | 28/12-12-23 | |

പദ്ധതി പ്രകാരം വാർഡ് 15 -ൽ സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വിഹിതമായ 1500000 രൂപയുടെ ആദ്യ ഗഡു കൈമാറുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 15-7-22 തിയ്യതിയിലെ എൻ എച്ച് എം( ആരോഗ്യ കേരളം ) ചീഫ് എഞ്ചിനീയറുടെ NHM/,1032/ALT/PJT/20-21/C(E)2019/20 കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന സബ്സെന്ററിനായി അനുമതിയായിട്ടുണ്ടെന്നും വാട്ടർ ലോഗ്ഗ് ഏരിയ ആയതിനാൽ അനുവദിച്ച തുക മതിയാകില്ലെന്ന് കരാറെടുത്ത സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും സ്ഥാപനം സമർപ്പിച്ച ഡി പി ആർ പ്രകാരം തുക 5250000 രൂപയാണെന്നും എൻ എച്ച് എം ഫണ്ട് 3750000 രൂപയാണെന്നും ബാക്കി 1500000 രൂപ പഞ്ചായത്ത് വിഹിതമായി ആവശ്യപ്പെടുകയും ചെയ്യിട്ടുണ്ട്. ,22-8-22 തിയ്യതിയിലെ 1(5) നം തീരുമാനപ്രകാരം ഹെൽത്ത് ഗ്രാന്റ് ലഭിക്കുന്ന മുറക്ക് പ്രോജക്റ്റ് വച്ചു നൽകുന്നതിന് തീരുമാനിക്കുയും ഹെൽത്ത് ഗ്രാന്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കമ്മറ്റി തീരുമാന പ്രകാരം വികസന ഫണ്ടിൽ നിന്നും 500000/- രൂപ അനുവദിക്കുകയും ചെയ്യിട്ടുണ്ട്. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം , നിലവിൽ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്നതിന്റെയും വിവരം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2. പ്രോജക്റ്റ് നം 240/23 പ്രകാരം സബ്സെന്റർ നിർമ്മാണത്തിനുള്ള മണ്ണ് പരിശോധനക്കായി നിർമ്മിതി കേന്ദ്രക്ക് ബിൽ നം 120/6-9-22 പ്രകാരം 30000 രൂപ അനുവദിച്ചിട്ടുണ്ട്. മണ്ണ്പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെക്കും ചെലവു തുക 530000രൂപ തടസ്സപ്പെടുത്തുന്നു.

## 1-50 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ കുറവ്- ലഭിച്ച റോഡ് ഫണ്ട് ലാപ്സായി

2022-23 വർഷം അംഗീകാരം ലഭിച്ച 82 പദ്ധതികളിൽ ആകെ 52 പദ്ധതികൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഇനത്തിൽ പഞ്ചായത്തിനു ലഭിച്ച 23265000 രൂപ യിൽ 18411220 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.4853780രൂപ ലാപ്സായതായി കാണുന്നു. ചെലവു ശതമാനം കുറയാനിടയായതിന്റെയും അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കാതിരുന്നതിന്റെയും കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 52/14-12-23 ന് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകുന്ന ഫണ്ട് പൂർണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 84/തസ്വഭവ തീയതി 19.04.20222] ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും, ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ ആസ്തികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയ ആസ്തികൾ, ആസ്തികളുടെ അവസാന മെയിന്റനൻസ് നടത്തിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി, പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റ്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39/13-12-23 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ അത്തരമൊരു സംരക്ഷണ പദ്ധതി നടപ്പാക്കിയിട്ടില്ല എന്നും തുടർ വർഷങ്ങളിൽ തയ്യാറാക്കുന്നതാണെന്നും ആസ്തി സംബന്ധിച്ച് ആർ ട്രാക്കു വഴിയുള്ള അപ്ഡേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും ആണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടിവിവരങ്ങൾ ലഭ്യമാക്കണ്ടതാണ്.

## 1-52 എം.ബുക്ക്- സ്റ്റോക്ക് രജിസ്റ്റർ -പരിപാലിക്കുന്നില്ല

പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2109 പ്രകാരം എം.ബുക്കുകൾക്ക് ക്രമമായ നമ്പർ നൽകേണ്ടതും KPW Form 84 ൽ ഉള്ള രജിസ്റ്ററിൽ വിതരണം ചെയ്ത എം.ബുക്കിന്റെ വിശദാംശം രേഖപ്പെടുത്തേണ്ടതും ആണ്. അപ്രകാരം ഉള്ള രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. ആയതിനാൽ സ്റ്റോക്കിലെടുത്തതും വിതരണം ചെയ്തതുമായ എംബുക്കുകളുടെ വിവരം ഉറപ്പാക്കാനായിട്ടില്ല. പി.ഡബ്ല്യൂ.ഡി മാന്വൽ അനുശാസിക്കും പ്രകാരം എം.ബുക്കുകളുടെ സ്റ്റോക്ക് / വിതരണ രജിസ്റ്റർ പരിപാലിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-53 പട്ടികജാതി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം-രേഖകൾ ലഭ്യമല്ല- 220720 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പദ്ധതിയുടെ പേര് | എസ് സി കുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക് | | |
| പദ്ധതി നമ്പർ | 147/23 | | |
| | വികസന ഫണ്ട് എസ് സി പി | മറ്റുള്ളവ | ആകെ |
| പദ്ധതി അടങ്കൽ | 270000/-രൂപ | 90000/-രൂപ | 360000/-രൂപ |
| പദ്ധതി ചെലവ് | 161200/- രൂപ | 59520/-രൂപ | 220720/-രൂപ |
| ബിൽ നമ്പർ/ തീയതി | 313/ 11.01.2023- 161200/- രൂപ<br>വൌച്ചർ നമ്പർ 22200858/ 24.03.2023-59520 രൂപ | | |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | | |
| ഓഡിറ്റ് എൻക്വയറി നം | 71/16-12-23 | | |

എസ് സി കുടുംബങ്ങൾക്ക് പി വി സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം 65 വാട്ടർ ടാങ്കുകൾ പൊന്നാരത്ത് ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 2480/- രൂപ നിരക്കിൽ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി രൂപീകരണ ഫോറം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബി) പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ അർഹരായവർക്ക് തന്നെയാണോ ആനുകൂല്യം നൽകിയതെന്ന് ഉറപ്പാക്കാനായിട്ടില്ല.

സി) 85 പേരുടെ വിവരങ്ങൾ അടങ്ങിയ കൈപറ്റു രജിസ്റ്ററാണ് പരിശോധനക്ക് ലഭ്യമാക്കിയത്. മേൽ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് വിതരണം ചെയ്തത് ആർക്കൊക്കെ ആണെന്നതിൽ വ്യക്തതയില്ല.

ഡി) 2480/- രൂപ നിരക്കിൽ 65 വാട്ടർ ടാങ്കുകൾ വാങ്ങിയതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ ടാങ്ക് ഇൻ വോയിസുകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇൻവോയിസ് നം. /തീയതി | എണ്ണം | ജി എസ് ടി അടക്കം ആകെ തുക(രൂപ) |
|---|---|---|---|
| 1 | 19/ 03.01.2023 | 66 | 163680/- |
| 2 | 17/ 19.12.2022 | 90 | 223200/- |

ക്രമനമ്പർ 2 പ്രകാരമുള്ള തുക തൻ വർഷം നൽകിയിട്ടില്ല.

ഡി) ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെ വിവരങ്ങളോ പ്രൈസ് കമ്പാരിസൺ സ്റ്റേറ്റ്മെന്റോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇ) ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിനുള്ള സപ്ലൈ ഓർഡർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

എഫ്) സബ്സിഡി മാർഗരേഖ പ്രകാരം 25% ആണ് ഗുണഭോക്തൃവിഹിതം. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രേഖകളോ രസീതുകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ജി) മേൽ പദ്ധതി പ്രകാരം വാട്ടർ ടാങ്കുകൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

എച്ച്) പ്രൊക്യുവർമെന്റ് രജിസ്റ്ററിൽ പദ്ധതി പ്രകാരം വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനുള്ള തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

ഐ) സബ്സിഡി മാർഗരേഖ പ്രകാരം നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും പദ്ധതി പ്രകാരം ടാങ്ക് നല്കാൻ പാടുള്ളതല്ല. മുൻ വർഷത്തെ വിതരണ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈ നിബന്ധന പാലിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെക്കും 220720 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-54 ടെണ്ടർ ഫീസിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 151520/- രൂപ ലഭിച്ചിട്ടുണ്ട്.ആയത് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുമുണ്ട്.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 145327/- രൂപയാണ് ഇ ടെണ്ടർ ഫീസിനത്തിൽ 2022-23 വർഷം ലഭിക്കാനുള്ളത്. ഇപ്രകാരം വ്യത്യാസത്തിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-55 ആധുനിക അറവുശാല നിർമ്മാണം- ഗ്രാമ പഞ്ചായത്ത് തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയില്ല- ജില്ലാ പഞ്ചായത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പാഴാകുന്നു -തുടർനടപടി അനിവാര്യം

സംസ്ഥാന സർക്കാരിന്റെ അഡീഷണൽ പ്ളാൻ അസിസ്റ്റൻസ് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതാണ് വഞ്ചിയൂർ മാർക്കറ്റിലെ ആധുനിക അറവുശാല നിർമ്മാണം. 2017-18 സാമ്പത്തിക വർഷത്തിൽ 10000000 രൂപ അടങ്കൽ വച്ച് കരവാരം പഞ്ചായത്തിന്റെ വഞ്ചിയൂർ മാർക്കറ്റിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കുകയും നിലവിൽ ഇരുനില കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്കുകൾ പൂർത്തിയായ നിലയിലും ആണ്. കരവാരം പഞ്ചായത്തിന്റെ 2018-19 പദ്ധതിയിലുൾപ്പെടുത്തി പദ്ധതി നം-202/19 പ്രകാരം അറവുശാല കെട്ടിടത്തിന് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യ പത്രം ലഭിക്കുന്നതിനായി 125023 രൂപ ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 31-3-21 ൽ നഗര സഞ്ചയ പദ്ധതിയിലുൾപ്പെടുത്തി അമ്പതു ലക്ഷം രൂപ കരവാരം പഞ്ചായത്തിൽ നിർമ്മിക്കുന്ന ആധുനിക അറവുശാലയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ 8-11-21 തിയ്യതിയിലെ ജെ-1/4044/21 നം കത്തു പ്രകാരം ടി തുക ജില്ലാ പഞ്ചായത്തിന് കൈമാറാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5-2-22 ന് 5000000 രൂപ കൈമാറിയിട്ടുള്ളതുമാണ് .പദ്ധതിയുടെ ഫയൽ പരിശാധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു

1. കരവാരം പഞ്ചായത്തിനുവേണ്ടി സർവ്വേ നമ്പർ 2029/ൽ പെട്ട 15.20(143/3) ആർ സ്ഥലവും സർവ്വേ നം 2027/ ൽ പ്പെട്ട 2 .75 ആർ സ്ഥലവും 2001 -ൽ വിലയാധരമായി വാങ്ങി .പ്രസ്തുത സ്ഥലത്താണ് ആധുനിക അറവുശാല നിർമ്മാണം നടത്തിയിട്ടുള്ളത്. 2021 ൽ 19521 നമ്പർ തണ്ടപ്പേരിൽ കരവാരം ഗ്രാമ പഞ്ചായത്ത് പേരിൽ ചാർത്തിയിട്ടുള്ളതും 17-10-21 ൽ 2021-22 വർഷത്തെ കരം ഒടുക്കിയിട്ടുള്ളതുമാണ്. ആയത് പ്രകാരം ഭൂമിയുടെ തരം നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭൂമിയുടെ തരം മാറ്റുന്നതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കുകയോ ആയതിന്റെ തുടർ നടപടിയായി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 65/15-12-23പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഭൂമിയുടെ തരം മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

2. മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനായി 2018-19 വർഷം തുക അടച്ചിട്ടുണ്ടെങ്കിലും സാക്ഷ്യപത്രം ലഭിച്ചതിന്റെ രേഖയില്ല.എന്തു കാരണത്താലാണ് സാക്ഷ്യപത്രം ലഭിക്കാത്തതെന്നും ടി രേഖ ലഭിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ചെയ്യേണ്ടതായ ന്യൂനത പരിഹാര നടപടികൾ എന്തെല്ലാമാണെന്നതിന്റെയും വിവരം മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും ലഭ്യമാകുകയോ ആയത് ലഭിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തുടർ നടപടികൾ എടുക്കുകയോ ചെയ്തിട്ടില്ല.

3. 12-7-21 തിയ്യതിയിലെ A-1 2331/18 നമ്പർ കത്തു പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ അറവുശാലയിൽ പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ളാന്റിന്റെ വിവരങ്ങൾ ,എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ളാൻ പ്രൊപ്പോസൽ എന്നിവ സമർപ്പിക്കുന്നമുറക്കേ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി പത്രം

അനുവദിച്ചു ലഭിക്കു എന്നും ആയതിനാൽ ടി രേഖകൾ അനുവദിച്ചു തരുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 3-3-23 ലെ 2(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 18-3-23 ലെ വൌച്ചർ നം 22200824 പ്രകാരം ബയോ ഗ്യാസ് പ്ളാന്റിന്റെ വൈദ്യുത ചാർജ്ജ് കുടിശ്ശിക അടവാക്കി പ്ളാന്റിലേക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതായി കാണുന്നു. മലീനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി സാക്ഷ്യപത്രം ലഭിക്കുന്നതിന് ആവശ്യമാണെന്നിരിക്കെ ഇത്തരത്തിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കാനിടയായ സാഹചര്യം എന്താണന്ന് വ്യക്തമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 15-12-23 ൽ നടന്ന സ്ഥലപരിശോധനയിലും പ്ളാന്റ് പ്രവർത്തന രഹിതമായും അറവുശാലക്കായി നിർമ്മിച്ച കെട്ടിടത്തിനുചുറ്റും പുല്ലുവളർന്ന് കാടു പിടിച്ച നിലയിലും കണ്ടു.




4. ആധുനിക അറവുശാല കെട്ടിടത്തിന് കെട്ടിടനമ്പർ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടില്ല.18-1-2017 ലെ 6(21) നമ്പർ, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 30-1-2017 ലെ A1-2331/16 നമ്പർ കത്ത് പ്രകാരം പദ്ധതി നടത്തിപ്പിനായി സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് , ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി ബഹു. കളക്ടറോട് അഭ്യർഥിച്ചിട്ടുണ്ട്.എന്നാൽ ടി രേഖകൾ ലഭ്യമായതിന്റെ വിവരം ഫയലിലില്ല.

5.നഗര സഞ്ചയപദ്ധതിയിലുൾപ്പെടുത്തി 2021 വർഷം 5000000രൂപ ആധുനിക അറവുശാലക്കായി തിരുവനന്തപുരം നഗര സഭയിൽ നിന്നും അനുവദിച്ചിരുന്നതും പിന്നീട് നഗരസഭാ സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ തുക ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുള്ളതുമാണ്. ടി തുക ആധുനിക അറവുശാലയിലേക്കാവശ്യമായ മെഷീനറികൾക്കായി ജില്ലാ പഞ്ചായത്തിനു കൈമാറാനുള്ളതാണെന്നാണ് സെക്രട്ടറിയുടെ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അറവുശാല പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്താത്ത പക്ഷം പ്രസ്തുത ഫണ്ടും നഷ്ടപ്പെടുന്ന സ്ഥിതി സംജാതമാകുന്നതാണ്.
ജില്ലാ പഞ്ചായത്ത് വൻതുക ചെലവഴിച്ച നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് നാളിതുവരെയും ലക്ഷ്യം നേടാതെ തുക പാഴാകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ നൽകുന്ന പ്ലാൻ ഫണ്ട് ഇത്തരത്തിൽ പാഴായിപ്പോകുന്നത് ഓഡിറ്റ് ഗൗരവതരമായി വിലയിരുത്തുന്നു. അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കാത്ത പക്ഷം സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 1-56 ഡിപിസി അംഗീകാരം, ഫണ്ട് ലഭ്യത എന്നിവയുണ്ടായിട്ടും അംഗീകാരം ലഭിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്താതെ പദ്ധതി ഉപേക്ഷിച്ചു

തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും നഗര സഞ്ചയ പദ്ധതിയിലുൾപ്പെടുത്തി കരവാരം പഞ്ചായത്തിലെ 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെട്ട വാമനപുരം നദീജല സംരക്ഷണ പദ്ധതിക്കായി 10000000 രൂപ അനുവദിക്കുകയും 20-7-21 ന് നഗരസഭയിൽ നിന്നും പഞ്ചായത്തിന്റെ ആറ്റിങ്ങൽ സബ് ട്രഷറി അക്കൗണ്ടിലേക്ക് തുക ലഭിക്കുകയും 31-3-2023 ലും തുക ടി ഇനത്തിൽ ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

2020-21 വർഷം ഡി പി സി അംഗീകാരം ലഭിക്കുകയും അതേ വർഷം തന്നെ തിരുവനന്തപുരം നഗരസഭയുടെ നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യത ഉണ്ടാവുകയും ചെയ്ത പ്രസ്തുത പദ്ധതി പ്രോജക്റ്റ് നം. 319/21- ന്റെ പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം വാമന പുരം നദിയിൽ കട്ടപ്പറമ്പ് ഭാഗത്ത് നിന്ന് വെള്ളം പമ്പ് ചെയ്ത് തോട്ടിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിച്ച് വഞ്ചിയൂർ ഭാഗത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് OVER HEAD ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിക്കുന്നതിനും തുടർന്ന് കട്ടപ്പറമ്പ് പാടശേഖരത്തിലേക്ക് വെള്ളം ആവശ്യമുള്ളപ്പോൾ നൽകുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ/അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1.29-9-20 തീയതിയിലെ സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗിലെ 6-ാം നമ്പർ തീരുമാന പ്രകാരം പദ്ധതിക്ക് ഡി പി സി അംഗീകാരം വാങ്ങുന്നതിന് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷം പ്രോജക്റ്റ് നം. 319/21 മുഖേന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 5000000 രൂപ പമ്പ് ഹൗസ് നിർമ്മാണത്തിനും 5000000 രൂപ പമ്പ് സെറ്റിനും പമ്പിംഗ് മെയിൻ ലൈൻ ഡിസിട്രിബ്യൂഷനുമായാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതി രൂപീകരണഫോറം പ്രകാരം നിള ഹിരൻ ,അസിസ്റ്റന്റ് എഞ്ചിനീയറെയാണ് നിർവ്വഹണോദ്യോഗസ്ഥനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഡി പി സി അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ , സാങ്കേതിക അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ആയത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 66/15-12-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതി നടപ്പാക്കാത്തതുമായി ബന്ധപ്പെട്ടും നിലവിലെ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ചും 13-9-21 ന് സെക്രട്ടറി നിലവിലുള്ള അസിസ്റ്റന്റ് എഞ്ചീനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് മുൻപുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചീനീയർ ഇതുമായി ബന്ധപ്പെട്ട ഡി പി ആർ തയ്യാറാക്കുകയോ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചന നടത്തുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. കരവാരം പഞ്ചായത്തിലെ കാർഷിക രംഗം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടു രൂപീകരിച്ച ടി പദ്ധതി നടത്തിപ്പിനാവശ്യമായ സാങ്കേതികാനുമതി വാങ്ങാത്തതു സംബന്ധിച്ചും, ഡി പി ആർ തയ്യാറാക്കാത്തതു സംബന്ധിച്ചും അക്കാലയളവിൽ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ടതായി രേഖയില്ല.

നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ചാർജ്ജ് എടുത്ത സമയത്ത് കോവിഡ് കാലമായതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അടിയന്തിര തുടർനടപടി സ്വീകരിക്കുന്നതിനോ ഇറിഗേഷൻ വകുപ്പുമായി ചർച്ചകൾ നടത്തുന്നതിനോ , പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സൈറ്റ് പരിശോധന നടത്തുവാനോ സാധിക്കാതെ വന്നു എന്നും ടി പദ്ധതി എൽ എസ് ജിഡിക്കുമാത്രമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതിയാണോ എന്നും ഭരണസമിതിയുമായി ചർച്ച നടത്തി ടി പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി കൊണ്ടു വരുന്നതായിരിക്കും ഉചിതം

എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം 21-10-21 തിയ്യതിയിലെ കത്ത് നം-A1-200/21 പ്രകാരം ജില്ലാ കളക്ടറെ അറിയിക്കുകയും (കമ്മിറ്റി തീരുമാനം നം 24(1)/29-9-21 ന്റെ അടിസ്ഥാനത്തിൽ) ഇക്കാര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്നതിനും ടി പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിനുള്ള നിർദ്ദേശം ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിരുന്നോ എന്നതിന്റെ രേഖ ഫയലിലില്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈകൊണ്ടതിന്റെയും, ഇക്കാര്യം അജണ്ടയായി ഏതെങ്കിലും ദിവസത്തെ കമ്മറ്റിയിൽ അവതരിപ്പിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

3. LID&EW ഡിവിഷൻ , ജില്ലാ പഞ്ചായത്തിൽ നിന്നും കിളിമാനൂർ ബ്ളോക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയച്ച കത്തിൽ പ്രവൃത്തി നിർവ്വഹണം നടത്തുന്നതിലേക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, കരവാരം ഗ്രാമ പഞ്ചായത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി 27-12-21 ൽ ചേരുന്ന മീറ്റിംഗിൽ കരവാരം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോട് പങ്കെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി മീറ്റിംഗിൽ പങ്കെടുത്തതിന്റെ വിവരം, എടുത്ത തീരുമാനം, പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചെടുത്ത നടപടി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിലില്ല.

4. 2020-21 വർഷം നടപ്പിലാക്കാത്ത ടി പദ്ധതി 2021-22 വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല. 2020–21 വർഷം ലഭിച്ച ഒരു കോടി രൂപ ചെലവഴിക്കാതെ 2022-23 വർഷത്തിലും സൂക്ഷിക്കുന്നതിന്റെയും, ഫണ്ടു ലഭ്യതയുണ്ടായിട്ടും പദ്ധതി തുടരാതെ ഉപേക്ഷിച്ചതിന്റെയും കാരണം വ്യക്തമല്ല. പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുവാനും, ആയതിനു അടിസ്ഥാനമാക്കിയ കമ്മറ്റി തീരുമാനം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ ഉന്നതിയ്ക്കായി രൂപീകരിച്ച മേൽ പദ്ധതി, പഞ്ചായത്ത് ഭരണസമിതിയും, ഉദ്യോഗസ്ഥരും യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തത് മൂലം ലക്ഷ്യം കൈവരിക്കാതെ പോയതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-57 ഫണ്ട് , ഡി പി സി അംഗീകാരം എന്നിവ ലഭിച്ചിട്ടും ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചു

തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന് 2020-21 വർഷം 15 ലക്ഷം രൂപയും 2021-22ൽ 500000 രൂപയും അടക്കം ആകെ 17 ലക്ഷം രൂപ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ടി വർഷങ്ങളിലെ സുലേഖ ചെലവു പത്രിക പരിശോധിച്ചതിൽ പ്രോജക്റ്റ് നം -331/21 സുലേഖയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ബന്ധപ്പെട്ട പ്രോജകറ്റ് രൂപീകരണ ഫോറം പ്രകാരം വഞ്ചിയൂർ ജംഗ്ഷനു സമീപം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിച്ചാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 31-3-23 ലും ടി തുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പാക്കാത്തതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് മറുപടിയായി 27-10-21 തിയ്യതിയിലെ 34/AE/LID&EW/ KVM/21-22നമ്പർ കത്തു പ്രകാരം 318/21 നമ്പർ പദ്ധതി പ്രകാരം 1700000 രൂപ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രത്തിനായി അടങ്കൽ വച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.ടി പദ്ധതിക്കായി 28-10-20 ലെ റ്റി എസ് നം-82025/20-21 പ്രകാരം സാങ്കേതിക അനുമതി ലഭിച്ചതായും 13-1-21 തിയ്യതിയിലെ 12/1 നമ്പർ തീരുമാന പ്രകാരം ശുചിത്വ മിഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി എച്ച് സിയിൽ ടേക്ക് എ ബ്രേക്ക് നിർമ്മിക്കാൻ സാധിക്കില്ലെന്നും എൻ എച്ചിന്റെ സമീപ പ്രദേശത്ത് നിർമ്മിക്കണം എന്നതിനാൽ ടി പദ്ധതി ഉപേക്ഷിക്കുകയാണ് ഉണ്ടായതെന്നും 23-1-21 തിയ്യതിയിലെ 2/1 തീരുമാന പ്രകാരം ടേക്ക് എ ബ്രേക്ക് നിർമ്മാണം 331/21 എന്ന പേരിൽ വഞ്ചിയൂരിൽ ഉൾപ്പെടുത്തുകയുണ്ടായി എന്നും വഞ്ചിയൂർ നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയെങ്കിലും സ്ഥല ലഭ്യതയില്ലാത്തതിനാൽ റിവിഷന് അനുമതി ലഭിച്ചില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള പുറംമ്പോക്കു ഭൂമി കണ്ടെത്തുന്നതിനായി റവന്യൂ/പൊതു മരാമത്ത് വകുപ്പുകളുമായി കത്തിടപാടുകൾ നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇത്തരത്തിൽ ഫണ്ട് ലഭ്യത, ഡി പി സി അംഗീകാരം എന്നിവയുണ്ടായിട്ടും പദ്ധതി നടപ്പാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന പണം ഇത്തരത്തിൽ ചെലവഴിക്കാതെ പാഴാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-58 കട്ടിലുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

15-12-23 ന് നടത്തിയ സ്ഥല പരിശോധനയിൽ 10 കട്ടിലുകൾ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പിറകിലായുള്ള ഷെഡിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.




കട്ടിലുകൾ ഏതു വർഷം വാങ്ങിയതാണെന്നും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നത് എന്തുകാരണത്തലാണെന്നും ആരാഞ്ഞ് നൽകിയ നൽകിയ ഓഡിറ്റ് എൻകയറിനം 74/15-12-23 ന് മറുപടി ലഭ്യമാക്കിയില്ല. കട്ടിലുകൾ വാങ്ങിയതു സംബന്ധിച്ച വിശദാംശംങ്ങൾ ലഭ്യമാക്കേണ്ടതും, വിതരണം ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-59 ഭവന പുനരുദ്ധാരണം- രേഖകൾ ഹാജരാക്കിയില്ല-225000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 133/23 |
| പ്രോജക്റ്റിന്റെ പേര് | ആശ്രയ ഭവന പുനരുദ്ധാരണം (Sc) |
| അടങ്കൽ | 600000 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 225000 (വികസന ഫണ്ട് എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നം | 257/17-12-22-75000<br>258/17-12-22-75000<br>259/17-12-22-75000 |
| ഓഡിറ്റ് എൻകയറി | 74/15-12-23 |

ഗ്രാമ പഞ്ചായത്തിലെ ആശ്രയ വിഭാഗത്തിൽപെട്ട 3 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി ആനുകൂല്യം അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായതിന്റെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ ലഭ്യമല്ല.

1.പങ്കജാക്ഷി, കാഞ്ഞിര വിള വീട് , വാലത്തുകോണം എന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിനുള്ള തുക നൽകിയിരിക്കുന്നത് എഡി എസ് 3 നാണ്. എ ഡി എസ് മുഖാന്തിരം പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകിയ കമ്മറ്റി തീരുമാനവും വാല്യുവേഷൻ സ്റ്റേറ്റ്മെന്റും ഫയലിലില്ല.

2.തങ്കമ്മ, മുമ്പൂർ കോണം, മേവർക്കൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷക്കൊപ്പം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ആവശ്യത്തിനായി ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിലില്ല. അപേക്ഷക്കൊപ്പം ലഭ്യമാക്കിയിരിക്കുന്ന ബാങ്ക് പാസ്ബുക്ക് പകർപ്പിലെ അക്കൗണ്ട് നം 2676"എന്നാണ്. എന്നാൽ തുക കൈമാറിയിരിക്കുന്നത് എസ്.ബി.ഐ ആലംകോട് ബ്രാഞ്ചിലെ 67222483545 നം. അക്കൗണ്ടിലേക്കാണ്. ടി അക്കൗണ്ട് ശ്രീമതി തങ്കമ്മയുടേതാണെന്നതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

3.സുധ ,ലേഖ സദനം മുടിയാട്ടുകോണം,എന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിനുള്ള തുക നൽകിയിരിക്കുന്നത് എഡി എസ് 6 നാണ്. ടിയാരിയുടെ അപേക്ഷക്കൊപ്പം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ആവശ്യത്തിനായി ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം, വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിലില്ല.

പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാക്കും വരെക്കും 225000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-60 ഗ്രാമസേവാകേന്ദ്രം പ്രവർത്തനങ്ങളില്ലാതെ കേടുപാടുകൾ വരുത്തിയ നിലയിൽ കാണുന്നു.

പ്രോജക്ട് നമ്പർ 32/23 (ഞാറയ്ക്കാട്ടുവിള ലക്ഷംവീട് കോളനി സ്ഥലത്ത് എസ്.സി ഗ്രാമകേന്ദ്രം നിർമ്മാണം -വാർഡ് 15) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം 375493/- രൂപയുടെ ഫൈനൽ ബിൽ നൽകി നിർമ്മിച്ച ഗ്രാമ സേവാ കേന്ദ്രം പ്രവർത്തനമൊന്നുമില്ലാതെയും, ജനലുകളുടെ ചില്ല് തകർത്തതായും , വലതു വശത്തെ ജനലിന്റെ ഫ്രെയിം വർക്ക് വളഞ്ഞതായും 15.12.2023 -ലെ സ്ഥലപരിശോധനയിൽ കണ്ടു.




ഉത്തരവാദികളായവർക്കെതിരെ പഞ്ചായത്ത് തലത്തിൽ നടപടിയുടെയും, നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഗ്രാമ സേവാ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 782000 | 121/23കേദാരം സമഗ്ര നെൽകൃഷി 2022-23 | 782000 | 0 |
| | | 0 | 800000 | 295/23ലൈഫ് 2020 – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് പട്ടികജാതി | 800000 | 0 |
| | | 0 | 351750 | 123/22 സ്നേഹസ്പർശം | **351750** | 0 |
| | | 0 | 93879 | 120/23 ക്ഷീരസമൃദ്ധി | **93879** | 0 |
| | | 225250 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 225250 |
| ആകെ | | 225250 | 2027629 | | 2027629 | 225250 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 401438 | 121/23കേദാരം സമഗ്ര നെൽകൃഷി 2022-23 | 401438 | 0 |
| | | 0 | **800000** | 295/23ലൈഫ് 2020 – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് പട്ടികജാതി | **800000** | 0 |
| | | 0 | **800000** | 58/23 ലൈഫ് -ഭവന നിർമ്മാണം - പട്ടികജാതി അഡീഷണൽ (പട്ടിക ജാതി) | **800000** | 0 |
| | | 0 | 351750 | 123/22 സ്നേഹസ്പർശം | **351750** | 0 |
| | | 0 | 75000 | 120/23 ക്ഷീരസമൃദ്ധി | **75000** | 0 |

| | | | | | |
|---|---|---|---|---|---|
| | 143773 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 143773 |
| ആകെ | 143773 | 2428188 | | 2428188 | 143773 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 225250 | 2027629 | 2252879 | 2027629 | 225250 | 225250 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 143773 | 2428188 | 2571961 | 2428188 | 143773 | 143773 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 292/23 സ്ട്രീറ്റ് ടാപ്പ് തുക ഒടുക്കൽ | 612540 | - | 612540 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 298/23, 108-ാം നമ്പർ അങ്കണവാടിയിൽ കുഴൽക്കിണർ നിർമ്മാണം | 88369 | - | 88369 |
| | 286/23, ഈരാണിമുക്ക് പ്രദേശത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 3 ഫേസ് 2 | 158000 | - | 158000 |
| | 263/23, 82-ാം നമ്പർ അങ്കണവാടിയിൽ കുഴൽക്കിണർ നിർമ്മാണം | 300000 | - | 300000 |
| | 95/23, കുഴിവീട് അങ്കണവാടി കുഴൽക്കിണർ നിർമ്മാണം | 250000 | - | 250000 |
| | 96/23 ആശാരിക്കുന്ന് കോളനിയിൽ കുഴൽക്കിണർ നിർമ്മാണം | 250000 | - | 250000 |
| | 94/23 ഈരാണിമുക്ക് പ്രദേശത്ത് കുഴൽക്കിണർ നിർമ്മാണം | 400000 | - | 400000 |
| കെ.എസ്.ഇ.ബി | 162/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 26829 | - | 26829 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് / തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 4516500 | 612540 | 5129040 | 1019479* | 4109561 | 4109561 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 0 | 1446369 | 1446369 | 0 | 1446369 | 1446369 |
| കെ.എസ്.ഇ.ബി | 3278776 | 26829 | 3305605 | 0 | 3305605 | 3305605 |

*1019479/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ ശേഷം തിരികെ ലഭ്യമായതായി ഹെഡ് കോഡ് 460500201 – ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ലഭ്യമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ആയത് പ്രകാരമുള്ള തുക മുൻകൂർ ഹെഡിൽ നിന്നും ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. തൻവർഷം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 16778145 | 10980000 | 27758145 | 3402155 | 24355990 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 21803951 |
| ഓഡിറ്റ് വർഷത്തെ വരവ് | 98801057 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 81687847 |
| നീക്കിയിരിപ്പ് | 38917161 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **4667848** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-36 | 645000 | | ശ്രീ. ആസിഫ് ഖാൻ എസ് എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 |
| 1-38 | 110656 | | ശ്രീമതി ഷെറീന, അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 | 850000 | | ശ്രീമതി ബേബി സരോജം.ഡി, സെക്രട്ടറി |
| 1-42 | 262000 | 200000 | ശ്രീ സന്തോഷ് എസ് ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| | | 62600 | ശ്രീമതി ഷെറീന, അസിസ്റ്റന്റ് സെക്രട്ടറി |
| 1-43 | 193788 | | ശ്രീമതി പുഷ്പകല, ഹെഡ്മിസ്ട്രസ് |
| 1-45 | 26829 | | ശ്രീമതി ബേബി സരോജം, സെക്രട്ടറി |
| 1-46 | 1446369 | | ശ്രീമതി ബേബി സരോജം, സെക്രട്ടറി |
| 1-48 | 157486 | | ശ്രീമതി ബേബി സരോജം, സെക്രട്ടറി |
| 1-49 | 530000 | | ശ്രീമതി ബേബി സരോജം, സെക്രട്ടറി |
| 1-53 | 220720 | 161200 | ശ്രീ സന്തോഷ് എസ് ആർ,അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | 59520 | ശ്രീമതി ഷെറീന, അസിസ്റ്റന്റ് സെക്രട്ടറി |
| 1-59 | 225000 | ശ്രീ സന്തോഷ് എസ് ആർ,അസിസ്റ്റന്റ് സെക്രട്ടറി | |
| **ആകെ** | **4667848** | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആസിഫ് ഖാൻ എസ് എസ്, വില്ലേജ് എക്സ്റ്റഷൻ ഓഫീസർ | വി ഇ ഒ, കരവാരം ഗ്രാമപഞ്ചായത്ത് | ആസിഫ് മൻസിൽ, തോട്ടയ്ക്കാട് പി ഒ, കല്ലമ്പലം |
| ശ്രീമതി ഷെറീന, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മൈലക്കാട് | ബിസ്മി, സ്വാതി നഗർ കോർട്ട് റോഡ്, ആറ്റിങ്ങൽ |
| ശ്രീ സന്തോഷ് എസ് ആർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത് | അദ്വൈതം, മുതുക്കുറുഞ്ഞി, അടയമൺ പി ഒ |
| ശ്രീമതി ബേബി സരോജം.ഡി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് | മോഹനം, പാളയംകുന്ന് പി ഒ, വർക്കല |
| ശ്രീമതി പുഷ്പകല, ഹെഡ്മിസ്ട്രസ് | വിരമിച്ചു | സംതൃപ്തി, കുളമച്ചൽ പി.ഒ, വാമനപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റിവി.എം./ ജി.പി. 11/1939/2022 തീയതി 15.10.2022 | 5 |
| 2011-12 | | |
| 2012-13 | | 2 |
| 2013-14 | | 3 |
| 2015-16 | | 4 |
| 2016-17 | | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/445/2019 തീയതി 16.10.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 9/775/2020 തീയതി 05.10.2020 | 12 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/ 1948/2021 തീയതി 26.02.2022 | 38 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/749/2022 തീയതി 23.06.2022 | 41 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/341/2023 തീയതി 27.03.2022 | 54 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 31-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karavaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karavaram Grama Panchayat for the year 2022-2023

**Date: 24/12/2023** **Deputy Director(H.G)**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Karavaram Grama Panchayat for the Year 2022-2023.

### 1.Major Observations

1. Amount used for asset creation using maintanance fund (non road) is not transfered to Capital Contribution. Some examples given below.

| Project Number / Name | Expenditure |
|---|---|
| 243/2023, Computer purchase for FHC | 49981 |
| 247/2023 purchasing plates for anganawadis | 99855 |

### 2.Other Observations

1. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.

2)Cash flow statement-Net increase in cash and cash equivalents (Rs.17113210/-) does not match with the net cash generated during the financial year (368717211/-).

3. The valuation of stock and stores are not done at the end of the financial year. No amount is incuded in the B-14 Stock in hand (inventories) schedule.

4. Cheque of Rs. 727 dtd 31.03.2018 deposited but not credited into State Bank of India, kallambalam (A/c No. 34075477348) till date.

5. Lapses in making timely and accurate demand entries in respect of tax revenue.

Eg:- Property Tax, Profession Tax

6. Non disclosue of expenses due- Expenses due such as honorarium for members, fuel expenses etc. due in the current fincancial year are not included in balance sheet as provision of expense due (B-9).

7. Misclassification of receipt voucher- The following receipt is found to be booked in wrong head.

| Receipt No. / Date | Amount | Head code ( receipt booked) | Head code ( receipt to be booked) |
|---|---|---|---|
| 1220101846 / 05.07.2022 | 4300 | 140200107 \| Penalties And Fines - Licence (Delayed Application For Licence) | 431300102 ( Receivables for license for factories, Traders, Enterpreneuors and other services -Â Arrears ) |

8. The balance amount in the auction deposit register (28200/-) does not match with the amount (28300/-) in the Annual Financial statement. The difference is to be explained.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്